സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN

വാല്യം 98
ലക്കം 07
2026 ജനുവരി

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2026 ജനുവരി



ജനുവരി ഒന്നിനു പൗരോഹിത്യസ്വീകരണദിനമാഘോഷിക്കുന്ന

**അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്ക്**

അതിരൂപതാകുടുംബത്തിന്റെ പ്രാർഥനാശംസകൾ



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 07 ● ജനുവരി 2026

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

## ഉള്ളടക്കം


കച്ചേരിക്കാര്യം..........05
സന്ദേശനിലയം..........08
ചെറുപുഷ്പ മിഷൻ ലീഗ് ..........13
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.......... 16
ഫാമിലി അപ്പോസ്തലേറ്റ്.......... 19
യുവദീപ്തി - എസ്.എം.വൈ.എം. .......... 23
സീയോൻ ധ്യാനകേന്ദ്രം ..........25
ചാസ്സ്.......... 26
ചാസ്സ് - ഖാദി ..........30
ക്രിസ്സ്..........31
ആതുരശുശ്രൂഷാമേഖല.......... 32
പ്രവാസി അപ്പോസ്തലേറ്റ് ..........37
കത്തോലിക്കാ കോൺഗ്രസ്.......... 38
കേരള ലേബർ മൂവുമെന്റ് .......... 39
ദളിത് കത്തോലിക്കാ മഹാജനസഭ..........40
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ ..........42
വിൻസെൻഷ്യൻ വേദി..........43
കരിസ്മാറ്റിക് നവീകരണം..........45
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..........47
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..........54



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**




# കച്ചേരിക്കാര്യം

## I
## മാർ നെസ്തോറിയസിന്റെ കൂദാശക്രമം

പൗരസ്ത്യസുറിയാനിപാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയ കൂദാശക്രമമാണു മാർ നെസ്തോറിയസിന്റെ ക്രമം. ദനഹാ തിരുനാൾ (ജനുവരി 06), മാർ യോഹന്നാൻ മാംദാനാ (ദനഹാക്കാലം ഒന്നാം വെള്ളി- ജനുവരി 09), മൂന്നുനോമ്പിന്റെ ബുധൻ (ജനുവരി 28), ഗ്രീക്ക് - സുറിയാനി മല്പാന്മാരുടെ ഓർമ (ദനഹാക്കാലം അഞ്ചാം വെള്ളി- ഫെബ്രുവരി 06), പെസഹാ വ്യാഴം (ഏപ്രിൽ 09) എന്നീ ദിവസങ്ങളിൽ ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

## II
## സീറോമലബാർ പ്രേഷിതവാരാചരണം

സീറോമലബാർസഭാംഗങ്ങളുടെ പ്രേഷിതതീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് **2026 ജനുവരി 06 മുതൽ 11 വരെ** പ്രേഷിതവാരമായി ആചരിക്കുന്നതാണ്.

## III
## സഭൈക്യവാരം

**ജനുവരി 18-ാം തീയതി ഞായറാഴ്ച മുതൽ 25-ാം തീയതി ഞായറാഴ്ചവരെ** സഭൈക്യ പ്രാർഥനാവാരമായി ആചരിക്കുന്നു. പ്രാർഥനാപുസ്തകങ്ങൾ മിഷൻലീഗിന്റെ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. നമ്മുടെ ഇടവകപ്രദേശത്ത് ഇതരക്രൈസ്തവസഭകളുടെ ദൈവാലയങ്ങളുണ്ടെങ്കിൽ അവരുമായി സഹകരിച്ചു പ്രാർഥനകളും സമ്മേളനങ്ങളും ആസൂത്രണം ചെയ്യേണ്ടതാണ്. എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അതിരൂപതയുടെ എക്യുമെനിക്കൽ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുക. നമ്പർ: 9447833044

# IV

## അതിരൂപതാ ബൈബിൾ കൺവെൻഷൻ

അതിരൂപതയുടെ 27-ാമതു ബൈബിൾ കൺവെൻഷൻ 2026 ഫെബ്രുവരി 18 മുതൽ 22 വരെ (വൈകുന്നേരം 3:30-9:00) നടത്തപ്പെടുകയാണ്. പാലക്കാട് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സേവ്യർ ഖാൻ വട്ടായിലാണു കൺവെൻഷൻ നയിക്കുന്നത്. 'സമുദായശക്തീകരണവർഷത്തിൽ' നടത്തപ്പെടുന്ന ഈ കൺവെൻഷനിൽ ചങ്ങനാശ്ശേരി, കുട്ടനാട്-ആലപ്പുഴ, കോട്ടയം, നെടുങ്കുന്നം റീജനുകളിലെ ദൈവജനം സജീവമായി പങ്കെടുക്കാൻ പ്രാർഥിച്ചൊരുങ്ങാം. കൺവെൻഷൻ ദിവസങ്ങളിൽ ഇടവകധ്യാനങ്ങളോ, കുടുംബക്കൂട്ടായ്മകളോ, പൊതുപരിപാടികളോ ക്രമീകരിക്കരുത്. കൺവെൻഷന്റെ വിവരങ്ങൾ പള്ളികളിൽ അറിയിക്കുകയും ജനുവരി മാസത്തിലെ കുടുംബക്കൂട്ടായ്മകളിൽ അതു ചർച്ച ചെയ്തു സജീവ പങ്കാളിത്തത്തിനാവശ്യമായ ക്രമീകരണങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

# V

## പ്രതിനിധിയോഗത്തിന്റെയും പൊതുയോഗത്തിന്റെയും സെക്രട്ടറിയെ സംബന്ധിച്ചുള്ള അതിരൂപതാനിയമം

പ്രതിനിധിയോഗത്തിന്റെയും പൊതുയോഗത്തിന്റെയും സെക്രട്ടറിയെ നിശ്ചയിക്കാനുള്ള വിവേചനാധികാരം ബഹു. വികാരിക്കാണുള്ളത്. നാമനിർദേശംവഴിയോ തിരഞ്ഞെടുപ്പുവഴിയോ അദ്ദേഹത്തിന് അത് നിർവ്വഹിക്കാവുന്നതാണ്.

❑

"ഉണർന്നു പ്രശോഭിക്കുക, നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു". *(ഏശയ്യാ 60:1)*

**2026 ഫെബ്രുവരി 18 മുതൽ 22 വരെ**

## റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ *നയിക്കുന്ന*

# 27-ാമതു ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ

**ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ**
**വൈകുന്നേരം 3.30 മുതൽ 9 വരെ**

## അതിരൂപതാ ബൈബിൾ കൺവെൻഷന്റെ വിജയത്തിനായുള്ള പ്രാർഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേകദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. കർത്താവും ദൈവവുമായ ഈശോയേ, അങ്ങയുടെ ശിഷ്യനായ മാർ തോമാ ശ്ലീഹായിലൂടെ ഭാരതത്തിൽ വിശ്വാസവെളിച്ചം പകരുകയും ഞങ്ങളെ അങ്ങയുടെ സ്വന്തം ജനമായി വിളിച്ചുചേർക്കുകയും ചെയ്ത അങ്ങയുടെ അനന്തസ്നേഹത്തിനു ഞങ്ങൾ നന്ദിപറയുന്നു.

അതിരൂപതാ ബൈബിൾ കൺവെൻഷനിൽ കുടുംബസമേതം പൂർണമായി പങ്കെടുക്കാനുള്ള ആത്മീയ ഉണർവും അനുകൂലസാഹചര്യങ്ങളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

'സമുദായശക്തീകരണവർഷത്തിൽ', ഏകമനസോടെ തിരുസഭാകൂട്ടായ്മയിൽ വളരാനും ആത്മീയ-സാമൂഹ്യമേഖലകളിൽ മ്ശിഹായ്ക്കു സാക്ഷ്യം വഹിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

കൺവെൻഷൻ നയിക്കുന്ന ബഹുമാനപ്പെട്ട സേവ്യർ ഖാൻ വട്ടായിൽ അച്ചനെയും റ്റീമംഗങ്ങളെയും അവിടുത്തെ പരിശുദ്ധ റൂഹായാൽ നിറയ്ക്കണമേ. സീനായ് മലയിൽ ഇസ്രായേൽ ജനത്തെ ഒരുമിച്ചുകൂട്ടിയ കർത്താവേ, അതിരൂപതാ കൺവെൻഷൻ വചനകൂടാരത്തിലേക്കു ഞങ്ങളെയും ഒരുമിച്ചുചേർക്കണമേ. സകലത്തിന്റെയും നാഥാ എന്നേക്കും,

ആമ്മേൻ.

*(പള്ളികളിൽ പരിശുദ്ധ കുർബാനയെത്തുടർന്നും കുടുംബങ്ങളിൽ സന്ധ്യാപ്രാർഥനയ്ക്കുശേഷവും ചൊല്ലുക)*

# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

എല്ലാം ക്രമപ്പെടുത്താൻ നമുക്കായി ഒരു പുതിയ വർഷം ഉദയം ചെയ്യുന്നു. ഓരോ വർഷാരംഭത്തിലും ഒരുപാട് പ്രതിജ്ഞകളും തീരുമാനങ്ങളും നമ്മുടേതായുണ്ടാകാറുണ്ട്. ഈശോയിൽ നിന്ന് അകന്നു പോകാത്ത പ്രസാദവരത്തിന്റെ ഒരു വർഷമായിരിക്കട്ടെ ഇത് എന്ന് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. ഈശോ എന്റെ ദൈവമാണ് എന്ന് ഏതു സാഹചര്യത്തിലും പ്രഘോഷിക്കാനുതകുന്ന വിശ്വാസപരിശീലനമാണ് നമുക്കുവേണ്ടത്.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**2026 ജനുവരി**

01 വ്യാഴം : പുതുവത്സരദിനം, കർത്താവിന്റെ നാമകരണം

02 വെള്ളി : സി.ആർ.റ്റി. മീറ്റിങ്

03 ശനി : മറിയത്തിന്റെ അനുമോദനതിരുനാൾ, വി. കുര്യാക്കോസ് ഏലിയാസ്

04 ഞായർ : പിറവിക്കാലം രണ്ടാം ഞായർ ക്ലാസ്സ് – 31
റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, വായ്പൂർ ഓൾഡ് (*ഉച്ചകഴിഞ്ഞ് 2-5*)

***ദനഹാക്കാലം***

06 ചൊവ്വ : ദനഹാതിരുനാൾ (കടമുള്ള ദിവസം)
റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, വായ്പൂർ ന്യൂ *(വൈകുന്നേരം 6-9)*

07 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് അത്തനേഷ്യസ് സൺഡേ സ്കൂൾ, മല്ലപ്പള്ളി (നെടുങ്ങാടപ്പള്ളി) *(വൈകുന്നേരം 6-9)*

08 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് സൺഡേ സ്കൂൾ, നെടുംകുന്നം *(വൈകുന്നേരം 6-9)*

10 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 18

11 ഞായർ : ദനഹാക്കാലം ഒന്നാം ഞായർ ക്ലാസ്സ് – 32

12 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, ചമ്പക്കര *(വൈകുന്നേരം 6-9)*

13 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, പുളിയ്ക്കൽ കവല *(വൈകുന്നേരം 6-9)*

14 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, വെട്ടിക്കൽപുരയിടം *(വൈകുന്നേരം 6-9)*

15 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, കൂത്രപ്പള്ളി *(വൈകുന്നേരം 6-9)*

17 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 19

റ്റീച്ചേഴ്സ് ഈവ്: മേരി മാതാ സൺഡേ സ്കൂൾ, അഞ്ചൽ; സെന്റ് തോമസ് സൺഡേ സ്കൂൾ സൺഡേ സ്കൂൾ, പഴയേരൂർ *(വൈകുന്നേരം 5-8)*

18 ഞായർ : ദനഹാക്കാലം രണ്ടാം ഞായർ ക്ലാസ്സ് - 33

റ്റീച്ചേഴ്സ് ഈവ്: ക്രിസ്തുരാജ് സൺഡേ സ്കൂൾ, ആയൂർ

സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, ചെറിയവെളിനെല്ലൂർ

സെന്റ് തോമസ് സൺഡേ സ്കൂൾ, കൊട്ടാരക്കര (*ഉച്ചകഴിഞ്ഞ് 2-5*)

സെന്റ് ജോസഫ് സൺഡേ സ്കൂൾ, ഫിൽഗിരി *(വൈകുന്നേരം 6-9)*

20 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, ആനിക്കാട് *(വൈകുന്നേരം 6-9)*

22 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ഫാത്തിമ മാതാ സൺഡേ സ്കൂൾ, നെടുമണ്ണി *(വൈകുന്നേരം 6-9)*

24 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 19

റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, ആനക്കുളം; ലൂർദ്ദ് മാതാ സൺഡേ സ്കൂൾ, മീൻകുളം *(വൈകുന്നേരം 5-8)*

25 ഞായർ : ദനഹാക്കാലം മൂന്നാം ഞായർ ക്ലാസ്സ് - 34

റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, ആര്യങ്കാവ്; സെന്റ് ജോർജ് സൺഡേ സ്കൂൾ, ഇടപ്പാളയം; സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, കുളത്തുപ്പുഴ (*ഉച്ചകഴിഞ്ഞ് 2-5*)

സേക്രട്ട് ഹാർട്ട് സൺഡേ സ്കൂൾ, പുനലൂർ; മാർ അപ്രേം സൺഡേ സ്കൂൾ, പത്തനാപുരം *(വൈകുന്നേരം 6-9)*

27 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, മൈലാടി *(വൈകുന്നേരം 6-9)*

28 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, മുണ്ടത്താനം *(വൈകുന്നേരം 6-9)*

29 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ലിറ്റിൽ ഫ്ളവർ സൺഡേ സ്കൂൾ, പുന്നവേലി *(വൈകുന്നേരം 6-9)*

31 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 19
റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോർജ് സൺഡേ സ്കൂൾ, വെഞ്ചെമ്പ്; സെന്റ് മേരീസ് സൺഡേ സ്കൂൾ, നരിക്കൽ; നിത്യസഹായമാതാ സൺഡേ സ്കൂൾ, കരവാളൂർ *(വൈകുന്നേരം 5–8)*

**ഫെബ്രുവരി**

01 ഞായർ : ദനഹാക്കാലം നാലാം ഞായർ ക്ലാസ്സ് – 35
**സൺഡേസ്കൂൾ രണ്ടാം ടേം എഴുത്തുപരീക്ഷ**

02 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, പനയമ്പാല *(വൈകുന്നേരം 6–9)*

03 ബുധൻ : റ്റീച്ചേഴ്സ് ഈവ്: ലൂർദ്ദ് മാതാ സൺഡേ സ്കൂൾ, താഴത്തുവടകര *(വൈകുന്നേരം 6–9)*

07 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 20

08 ഞായർ : ദനഹാക്കാലം അഞ്ചാം ഞായർ ക്ലാസ്സ് – 36
**രണ്ടാം ടേം വാചിക പരീക്ഷ 10, 11, 12 ക്ലാസ്സുകൾക്ക്**
റ്റീച്ചേഴ്സ് ഈവ്: തോമാശ്ലീഹാ സൺഡേ സ്കൂൾ, കൊല്ലം (*ഉച്ച കഴിഞ്ഞ് 2–5*)
റ്റീച്ചേഴ്സ് ഈവ്: ക്രിസ്തുരാജ് സൺഡേ സ്കൂൾ, കുറ്റിക്കോണം; നിത്യസഹായാ മാതാ സൺഡേ സ്കൂൾ, ചെങ്കുളം *(വൈകുന്നേരം 6–9)*

**പ്രത്യേക ശ്രദ്ധയ്ക്ക്**

അതിരൂപതാ മതാധ്യാപക സംഗമം 2026 ഫെബ്രുവരിയിൽ നടത്തപ്പെടുന്നതിനാൽ ജനുവരി 26ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന മതാധ്യാപക നേതൃസംഗമം ഒഴിവാക്കുകയാണ്.

**എക്കോസ് @ സന്ദേശ്**

ഒന്നാം ടേം പരീക്ഷകളുടെ മാർക്കുകൾ ഇതുവരെയും സിസ്റ്റത്തിൽ അപ്പ്ലോഡ് ചെയ്യാത്ത സൺഡേ സ്കൂളുകൾ അവ എത്രയുംവേഗം പൂർത്തീകരിക്കുവാൻ താല്പര്യമെടുക്കണമേ.

**അതിരൂപതാ മതാധ്യാപക കൺവൻഷൻ**

അതിരൂപതയിലെ മതാധ്യാപകരുടെ സംഗമം ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ഗ്രൗണ്ടിലെ കൺവൻഷൻ പന്തലിൽ 2026 ഫെബ്രുവരി 21–ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിക്കും. രജിസ്ട്രേഷൻ ഫീസ് 100 രൂപ. മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയ മതാധ്യാപകരേയും എസ്.എം.സി.സി. അതിരൂപതാ പ്രതിഭാസംഗമത്തിലെ വിജയികളെയും തദവസരത്തിൽ ആദരിക്കുന്നു. ജൂബിലിവർഷം പൂർത്തിയാക്കിയവർ ആദ്യം സന്ദേശനിലയത്തിൽ ഇതുവരെ നല്കിയിട്ടുള്ള റെക്കോർഡുകളുടെ അടിസ്ഥാനത്തിൽ ജൂബിലേറിയൻസിന്റെ സേവനകാലയളവ് പൂർത്തീ

കരിച്ചിട്ടുണ്ടെന്ന് കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്. അതിനുശേഷമാണ് ബയോഡേറ്റയോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോ, വികാരിയച്ചൻ/സൺഡേ സ്കൂൾ ഡയറക്ടർ എഴുതിയ ശുപാർശ കത്ത് എന്നിവ നല്കേണ്ടത്. ജനുവരി 30നുശേഷം ലഭിക്കുന്ന ബയോഡേറ്റകൾ അടുത്ത വർഷത്തിലായിരിക്കും പരിഗണിക്കുക. അതിരൂപതയിലെ എല്ലാ സൺഡേസ്കൂളിലെയും മുഴുവൻ അധ്യാപകരും ഈ സംഗമത്തിൽ നിർബന്ധമായും പങ്കെടുക്കുവാൻ ബഹു. വികാരി/സൺഡേ സ്കൂൾ ഡയറക്ടർ/പ്രധാന അധ്യാപകർ എന്നിവർ ശ്രദ്ധിക്കുമല്ലോ.

### സൺഡേ സ്കൂൾ രണ്ടാം ടേം എഴുത്തുപരീക്ഷ

സൺഡേ സ്കൂൾ രണ്ടാം ടേം എഴുത്തുപരീക്ഷ ഫെബ്രുവരി 1–ാം തീയതി ഞായറാഴ്ച നടത്തപ്പെടും. 1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് രാവിലെ 11 മുതൽ 1 മണി വരെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുമാണ് പരീക്ഷ നടത്തപ്പെടുക. 5 മുതൽ 11 വരെ ക്ലാസ്സുകൾക്ക് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും എന്ന ഉപപാഠപുസ്തകത്തിലെ ആദ്യത്തെ 3 അധ്യായങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. എന്നാൽ ക്ലാസ്സ് 12ന് എല്ലാ അധ്യായങ്ങളും പരീക്ഷയ്ക്ക് ബാധകമാണ്. വാചിക പരീക്ഷയിലും ഇപ്രകാരം തന്നെയായിരിക്കും.

### സി.ആർ.റ്റി. സന്ദർശനം

കാറ്റകെറ്റിക്കൽ റിസോഴ്സ് ടീമിന്റെ ആദ്യഘട്ട സന്ദർശനങ്ങൾ എല്ലാ സൺഡേ സ്കൂളുകളിലും ഇതിനോടകം വിജയകരമായി പൂർത്തിയായിട്ടുണ്ടല്ലോ. ഇതുവരെ സന്ദേശനിലയത്തിൽ ലഭിച്ച റിപ്പോർട്ടുകൾ വിലയിരുത്തി രണ്ടാം ടേം പരീക്ഷയ്ക്കു മുമ്പായി ഏതാനും സൺഡേ സ്കൂളുകളിൽ മുന്നറിയിപ്പ് കൂടാതെ വീണ്ടും ഒരു സന്ദർശനം കൂടി അനിവാര്യമായേക്കാം. ജനുവരി 2 വെള്ളിയാഴ്ച 2.30നു നടത്തപ്പെടുന്ന സി.ആർ.റ്റി. സമ്മേളനത്തിൽ എല്ലാം അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ഫൊറോന സി.ആർ.റ്റി. സമ്മേളനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് കോഡിനേറ്റേഴ്സ് അന്ന് നല്കേണ്ടതാണ്.

### വിശ്വാസോത്സവ സെമിനാർ

ഫെബ്രുവരി ആദ്യവാരം മുതൽ സെമിനാറുകൾ ഫൊറോനതലത്തിൽ ആരംഭിക്കുകയാണ്. വിശ്വാസോത്സവത്തിൽ ഭാഗഭാക്കുകളാകുന്നവർ സജീവമായി ആദ്യന്തം ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുക.

### ഹയർകോഴ്സ് കുട്ടികൾക്ക് ഏകദിന സെമിനാർ

നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ജീവിതത്തിൽ പ്രത്യാശ പകരുക എന്ന ലക്ഷ്യത്തോടെ SPERANZA 2025-26 എന്ന ഏകദിന സെമിനാർ ഹയർ കോഴ്സ് കുട്ടികൾക്കായി ക്രമീകരിച്ചിരിക്കുന്നു. സെമിനാർ തീയതികൾ ഫൊറോനതലത്തിൽ നിശ്ചയിക്കാം. കുട്ടികൾക്ക് അവരുടെ കരിയർ സാധ്യതകൾ കാട്ടികൊടുക്കുക, കാലഘട്ടത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികളെക്കുറിച്ച് അവരെ ജാഗരൂകരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ പ്രത്യേക പരിശീലനപദ്ധതി ക്രമീകരിക്കേണ്ടത്. കുട്ടികൾക്ക് ഭാവിയെക്കുറിച്ചുള്ള ദിശാ

ബോധം നൽകുവാൻ ഉപകരിക്കുംവിധം പ്രഗത്ഭരായ ആളുകളുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി ക്രമീകരിക്കുന്ന ഈ സെമിനാറിന്റെ വിജയം കുട്ടികളുടെ പങ്കാളിത്തത്തിലാണ്. ജനുവരി മാസത്തോടെ എല്ലാ ഫൊറോനകളും ഇത് പൂർത്തീകരിക്കേണ്ടതാണ്.

**മതബോധന മണിക്കൂർ ആചരണം ശനിയാഴ്ചകളിൽ**

ഞായറാഴ്ച കർത്താവിന്റെ ദിവസമാണെന്നും, ഒരുക്കത്തോടെ കൂടി വേണം ഈ ദിനം - പരിശുദ്ധമായി ആചരിക്കപ്പെടേണ്ടതെന്നും ഓർമ്മപ്പെടുത്തുന്നതിന് ശനിയാഴ്ച വൈകുന്നേരങ്ങളിൽ ഒരു മണിക്കൂർ സമയം മതബോധന മണിക്കൂറായി ആചരിക്കേണ്ടതാണ്. മീഡിയായുടെ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ട് കുടുംബത്തിൽ എല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനും വചനം പഠിക്കുന്നതിനും, വായിക്കുന്നതിനും ഞായറാഴ്ചത്തെ സൺഡേ സ്കൂൾ ക്ലാസ്സിന് ഒരുങ്ങുന്നതിനും ഈ മണിക്കൂർ നമുക്ക് പ്രയോജനപ്പെടുത്താം. ക്ലാസ്സുകളിൽ കുട്ടികളോട് ഇത് നടപ്പിലാക്കുവാൻ ഉദ്ബോധിപ്പിക്കുക.

**മിഷൻ ക്വിസ്സ് അതിരൂപതാതല വിജയികൾ**

***ജൂണിയേഴ്സ്***

1. സാന്റിന ട്രീസാ സിജോ - സെന്റ് ജോസഫ്സ് കാര്യവട്ടം
2. ആൻ ജോസഫ് - സെന്റ് മേരീസ് വായ്പൂർ
3. ജോഹാൻ മജോ - സെന്റ് മേരീസ് പാറേൽ

***സീനിയേഴ്സ്***

1. ലീലാമ്മ ജോസഫ് പായിക്കാട് - ഡോൺ ബോസ്കോ ചെത്തിപ്പുഴ
2. ജാസ്മിൻ ജേക്കബ് - സെന്റ് ജോസഫ്സ് കാര്യവട്ടം
3. ആഷ്ന മേരി ബേബി - ഓൾ സെയിന്റ്സ് വിതുര

**ആദരാഞ്ജലികൾ**

പാറേൽ സൺഡേ സ്കൂൾ വിദ്യാർത്ഥിനി നേഹാ ട്രീസാ സ്കറിയായുടെയും കൂരോപ്പട സൺഡേ സ്കൂൾ പ്രധാന അധ്യാപകൻ ജോൺസൺ ഫിലിപ്പോസ്, വെരൂർ സൺഡേ സ്കൂൾ അധ്യാപിക ജെയ്നമ്മ ജോസഫ്, പള്ളാത്തുരുത്തി സൺഡേ സ്കൂൾ അധ്യാപകൻ ഷാജുമോൻ പി.സി. എന്നിവരുടെ പിതാക്കന്മാരുടെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

❑

# ചെറുപുഷ്പ മിഷൻ ലീഗ്
# (CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

പുതിയ വർഷത്തിന്റെ നന്മകൾ ഏവർക്കും സ്നേഹപൂർവം നേരുന്നു. ഇത് സുകൃത പരിശീലനത്തിന്റെ ഒരു പുത്തനാണ്ടായിരിക്കട്ടെ എന്നാണ് എന്റെ പ്രാർഥന. എല്ലാ മേഖലകളിലും നമ്മെ മികവുറ്റവരാക്കാൻ നമ്മുടെ സ്കൂളുകളും മറ്റു സംവിധാനങ്ങളും നിരന്തരം പരിശ്രമിക്കുന്നുണ്ട്. എന്നാൽ, സുകൃത പരിശീലനത്തിനു നമുക്ക് മിഷൻലീഗ് മാത്രമേയുള്ളൂ. വി. കൊച്ചുത്രേസ്യായൊക്കെ പരിശീലിച്ച ആത്മീയ കുറുക്കുവഴികൾ നമുക്ക് സ്വായത്തമാക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**2026 ജനുവരി**

**ദൈവവചനം:** *ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ (യോഹ. 13 : 35)*

**പ്രവർത്തനം :** *മിഷൻപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി 100 സുകൃതജപം ചൊല്ലുക.*

**സുകൃതജപം :** *പരിശുദ്ധകന്യകാമാതാവേ, ഈശോയുടെ അമ്മേ, ഞങ്ങളെ വിശുദ്ധരാക്കണമേ.*

01 വ്യാഴം : കർത്താവിന്റെ നാമകരണം

03 ശനി : പരിശുദ്ധ കന്യകാമറിയത്തിന്റെ അനുമോദനത്തിരുനാൾ, വി. കുര്യാക്കോസ് എലിയാസ് ചാവറ, സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം.

06 ചൊവ്വ : ദനഹാത്തിരുനാൾ, കടമുള്ള ദിവസം, സീറോമലബാർ പ്രേഷിതവാരാരംഭം

10 ശനി : മാർ കുര്യാളശ്ശേരി തീർത്ഥാടനം, മിഷനറി സായാഹ്നം കുടമാളൂർ മേഖല

17 ശനി : ബേത്‌ലഹേംമീറ്റ്, പഠനഗ്രന്ഥചർച്ച, കുമ്പസാരക്രമീകരണം

25 ഞായർ : അൾത്താരബാലന്മാരുടെ മീറ്റിങ് (ശാഖകളിൽ)

26 തിങ്കൾ : അതിരൂപതാ കൗൺസിൽ

**ഫെബ്രുവരി**

07 ശനി : എക്ലേസിയ ക്വിസ് – മിഷൻ എലൈവ് മത്സരങ്ങൾ

11 ബുധൻ : ലൂർദ്ദ് മാതാവ്

13 വെള്ളി : സകല മരിച്ചവരുടെയും തിരുനാൾ

## ബൈബിൾ വേഴ്സ് ബോക്സ് നിർമ്മാണ മത്സരം

ഈശോയുടെ മനുഷ്യാവതാര ജൂബിലിവർഷത്തിൽ ആരാധനാക്രമവത്സര കാലങ്ങൾക്കനുസരിച്ച് അതിരൂപതയിൽനിന്നും നൽകിയ വിഷയങ്ങൾക്കനു സൃതം വചനപ്പെട്ടി തയ്യാക്കിയിട്ടുള്ളവർ അതു ശാഖാ ജോയിന്റ് ഡയറക്ടറെ ഏൽപിക്കുകയും ഏറ്റവും നല്ല ഒരു വചനപ്പെട്ടി അതിരൂപതാതല മത്സരത്തി നായി ജനുവരി 10നകം അതിരൂപതാ മിഷൻലീഗ് ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ. പെട്ടിയിൽ 100 വചനങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

## ശാഖാ–മേഖലാ–അതിരൂപതാതല തെരഞ്ഞെടുപ്പ്

സംഘടനയെ ഈശോയുടെ ചൈതന്യത്തിൽ വളർത്താൻ കഴിയുന്നവ രുടെ നേതൃത്വത്തെ ശാഖാ–മേഖലാ തലങ്ങളിൽ കണ്ടെത്തേണ്ടതാണ്. 2026–27 പ്രവർത്തനവർഷത്തേയ്ക്കുള്ള ശാഖാതല ഭാരവാഹികളെ ഡിസംബറിലും മേഖലാതല ഭാരവാഹികളെ 2026 ജനുവരിയിലും തെരഞ്ഞെടുക്കേണ്ടതും മേഖലാ ഭാരവാഹികളുടെ പൂർണ്ണമായ ലിസ്റ്റ് 2026 ഫെബ്രുവരി 7നു മുമ്പ് അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ടതുമാണ്.

## എക്ലേസിയ ക്വിസ്–മിഷൻ എലൈവ്

**എക്ലേസിയ ക്വിസ് – മിഷൻ എലൈവ് മത്സരങ്ങൾ 2026 ഫെബ്രുവരി 14 എന്നത് ചില സാങ്കേതിക കാരണങ്ങളാൽ ഫെബ്രുവരി 7–ാം തീയതി യിലേക്ക് മാറ്റിയതായി അറിയിക്കുന്നു.** മത്സരങ്ങൾ മേഖലാതലത്തിൽ നടത്തി ഒന്നാം സ്ഥാനം നേടുന്ന ടീമിന്റെ പേരുവിവരങ്ങൾ 2026 ജനുവരി 31നു മുമ്പായി അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. മിഷൻ എലൈവ് മത്സരത്തിനായി മിഷൻലീഗിന്റെ പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ചാ ക്ലാസ്സ് നടത്തി ഏഴുപേരടങ്ങുന്ന ഒരു ടീമിനെ തയ്യാറാക്കി അതിരൂപതാതല മത്സരത്തിനായി അയയ്ക്കേണ്ടതാണ്. വിഷയം: കേരളത്തിന്റെ പുരോഗതിയിൽ ക്രൈസ്തവരുടെ സംഭാവനകൾ (അധ്യായം 5). വിശദവിവരങ്ങൾ മാർഗരേഖ 34, 35 പേജുകളിൽ നൽകിയിട്ടുണ്ട്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ജനുവരി 31നു മുമ്പായി അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. രണ്ടുമത്സരങ്ങളും ഒരേസമയത്തു നടത്തപ്പെടുന്നതുകൊണ്ട് ഒരേകുട്ടികളെ രണ്ടുമത്സരത്തിലും ഉൾപ്പെടുത്തരുതെന്ന് അറിയിക്കുന്നു. ഓരോ ഗ്രൂപ്പിനും രജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്.

## അതിരൂപതാ കൗൺസിൽ

ഈ വർഷത്തെ അതിരൂപതാ കൗൺസിൽ ജനുവരി 26 തിങ്കളാഴ്ച ചങ്ങ നാശ്ശേരി എസ്.ബി. കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. അഭി. പിതാവ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ഓരോ ശാഖയിൽനിന്നും ജോയിന്റ് ഡയറക്ടർ, ഓർഗനൈസർമാർ, ജൂണി യർ ഓർഗനൈസർമാർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അതിരൂപതാ-മേഖലാ എക്സിക്യൂട്ടിവ് അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. എല്ലാവരേയും ഈ കൗൺസിലിലേയ്ക്ക് സ്വാഗതം

ചെയ്യുന്നു. പ്രസ്തുത സമ്മേളനത്തിൽ മിഷൻലീഗ് സ്ഥാപക നേതാക്കളായ ബഹു. മാലിപ്പറമ്പിലച്ചനെയും കുഞ്ഞേട്ടനെയും അനുസ്മരിക്കുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് 120 രൂപ. കൗൺസിലിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജനുവരി 20നു മുമ്പായി അറിയിക്കുക. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

**കെരുബിം 2026**

അൾത്താര ബാലന്മാർക്കായുള്ള അതിരൂപതാതല ക്യാംപ് ഫെബ്രുവരി 14, 15 തീയതികളിൽ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. 8, 9, 10 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഈ ക്യാംപിലേയ്ക്ക് അയയ്ക്കേണ്ടത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കാണ് അവസരം ലഭിക്കുന്നത്. ഒരിടവകയിൽ നിന്നും 2 ആൺകുട്ടികളെയാണ് പരമാവധി പ്രതീക്ഷിക്കുന്നത്. അതിരൂപതാ ക്യാംപിൽ പങ്കെടുക്കുന്നവരിൽനിന്നും ധന്യൻ മാർ കുര്യാളശ്ശേരി അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതാണ്. ക്യാംപ് ഫീസ് 700 രൂപയാണ്. ഫെബ്രുവരി 14 ശനിയാഴ്ച രാവിലെ 9.00 മണിക്ക് ആരംഭിക്കുന്ന ക്യാംപ് ഫെബ്രുവരി 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സമാപിക്കുന്നതാണ്. ക്യാംപിൽ പങ്കെടുക്കുവാൻ വരുന്ന കുട്ടികൾ ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രം കൂടി കൊണ്ടുവരണമെന്ന് അഭ്യർഥിക്കുന്നു.

❑

## ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റ് അറിയിപ്പ്

അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിലെ വിവിധ ഹൈസ്കൂൾ, യു.പി. & എൽ.പി. സ്കൂളുകളിലെ എല്ലാ തസ്തികകളിലേക്കും നിയമിക്കുന്നതിനായി യോഗ്യരായ ഉദ്യോഗാർഥികളിൽനിന്നും അപേക്ഷകൾ നേരത്തെതന്നെ ക്ഷണിച്ചിരുന്നു. ഇനിയും രജിസ്റ്റർ ചെയ്യാനുള്ള ഉദ്യോഗാർഥികൾ ഇടവക തെളിയിക്കുന്ന ബഹു. വികാരിയച്ചന്റെ കത്ത്, വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം 2026 മാർച്ച് 31നു മുൻപ് കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കുക. പരീക്ഷാ തീയതി 2026 ഏപ്രിൽ 11 ശനിയാഴ്ചയാണ്. ഇന്റർവ്യൂ തീയതി പിന്നീട് അറിയിക്കുന്നതാണ്.

For Contacts: 9947797841 (10am to 5pm)

**ഫാ. ജോബി മൂലയിൽ**
**ഫാ. ടോണി ചെത്തിപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

ജൂബിലി വർഷാചരണത്തിലൂടെ നവചൈതന്യം സ്വീകരിച്ചു പുതുവത്സരത്തിലേക്കു പ്രവേശിക്കുന്ന ഏവർക്കും ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ പുതുവർഷം നേരുന്നു.

നൂറുമേനി സീസൺ IV ആരംഭിക്കുകയാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിലായി കൂട്ടായ്മാതലമത്സരങ്ങൾ നടത്തിത്തീർക്കാൻ ശ്രദ്ധിക്കുമല്ലോ. മാർച്ച് 22-ാം തീയതി മുതിർന്നവർക്കുള്ള നൂറുമേനി ഇടവകതല മത്സരവും ഏപ്രിൽ 7-ാം തീയതി വിശ്വാസോത്സവത്തോടനുബന്ധിച്ചു കുട്ടികളുടെ ഇടവകതല മത്സരവും നടത്തേണ്ടതാണ്. കഴിഞ്ഞവർഷത്തേക്കാൾ കൂടുതൽ പങ്കാളിത്തം ഈ വർഷം ഉണ്ടാകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

ബൈബിൾ മാസാചരണം എല്ലാ ഇടവകകളിലും സമുചിതമായി ആചരിച്ചതിൽ വളരെ സന്തോഷം. കുടുംബകൂട്ടായ്മ ഫൊറോനാതല നേതൃസംഗമം ജനുവരിയിൽ ആരംഭിക്കുന്നു. തീയതികൾ ശ്രദ്ധിച്ച് ബന്ധപ്പെട്ട ഫൊറോനയിൽ ഉള്ളവർ അവർക്കായി ക്രമീകരിക്കുന്ന സംഗമത്തിൽ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. ലോഗോസ് ക്വിസ്സ് രജിസ്ട്രേഷൻ ഫീസിനത്തിലും നൂറുമേനി പുസ്തകം വാങ്ങിയ ഇനത്തിലും വളരെ ഇടവകകൾ ഇനിയും പണം അടയ്ക്കേണ്ടതായുണ്ട്. നൽകുവാനുള്ളവർ ദയവായി ഉടൻ അടച്ചു സഹായിക്കണമേ.

ഈ വർഷത്തെ അതിരൂപതാ ബൈബിൾ കൺവെൻഷൻ ഫെബ്രുവരി 18 ബുധൻ മുതൽ 22 ഞായർ വരെ എസ്.ബി. കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ നടത്തപ്പെടുന്നതാണ്. വളരെ സൗകര്യപ്രദമായി ധ്യാനത്തിൽ പങ്കെടുക്കുന്നതിനും വാഹനസൗകര്യത്തിനും പുതിയ ക്രമീകരണം കൂടുതൽ ഫലപ്രദമാകും എന്നതിൽ സംശയമില്ല. ഈ വർഷം ഫാ. സേവ്യർഖാൻ വട്ടായിലും ടീമുമാണ് ധ്യാനത്തിന് നേതൃത്വം നൽകുന്നത്. എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ എല്ലാ സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

പ്രാർഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നൂറുമേനി സീസൺ IV**

**പഠനഭാഗം:** ഉല്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം (പഞ്ചഗ്രന്ഥം)

തീർഥാടക സങ്കീർത്തനങ്ങൾ - സങ്കീ: 120 മുതൽ 134 വരെ.

**ലോഗോസ് 2026 പഠന ഭാഗം**

**കൂട്ടായ്മതല മത്സരം:** ജനുവരി, ഫെബ്രുവരി മാസങ്ങളിലായി നടത്തപ്പെടുന്നു.

**ഇടവകതലമത്സരം:** *മുതിർന്നവർ* – മാർച്ച് 22 ഞായറാഴ്ച; *കുട്ടികൾ* – ഏപ്രിൽ 7 വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്താവുന്നതാണ്. 3 മണിക്കൂർ സമയം. പുസ്തകത്തിലെ ഏതു ഭാഗത്തുനിന്നു വേണമെങ്കിലും എഴുതാവുന്നതാണ്.

**ഫൊറോനാതലം:** 2026 മെയ് 3 ഞായർ ഉച്ചകഴിഞ്ഞ് 2ന് (ഒബ്ജക്റ്റീവ് ടൈപ്പ്)

**പഠനഭാഗം:** പഠനപുസ്തകം 50%, പഞ്ചഗ്രന്ഥം ബൈബിൾ ഭാഗത്തുനിന്നു 50%

ഈ വർഷം ഫൊറോനാമത്സരത്തിൽ ഇടവകതല വിജയികൾക്കെല്ലാം പങ്കെടുക്കാവുന്നതാണ്. വ്യക്തിപരമായി A വിഭാഗത്തിൽ 30 മാർക്ക് ലഭിച്ച വർക്കും B വിഭാഗത്തിൽ 70 മാർക്ക് ലഭിച്ചവർക്കും C മുതൽ F വരെ 100 മാർക്ക് ലഭിച്ചവർക്കും കൂടാതെ കുടുംബമായി 200 മാർക്ക് ലഭിച്ചവർക്കും മത്സരത്തിൽ പങ്കെടുക്കാം.

**അതിരൂപതാതല സമ്മാനങ്ങൾ**

ഫൊറോനാതല മത്സരത്തിൽ പങ്കെടുക്കാൻ വ്യക്തിഗതമായും കുടുംബ മായും മാർക്കു ലഭിക്കുന്ന എല്ലാവർക്കും അതിരൂപതയിൽനിന്നുള്ള നൂറുമേനി മെഗാ സമ്മാനം ലഭിക്കുന്നതാണ്.

**സൺഡേസ്കൂൾ കുട്ടികൾക്ക് പ്രത്യേക മത്സരങ്ങൾ**

തീർഥാടക സങ്കീർത്തനങ്ങൾ മുഴുവൻ സങ്കീ. (120 മുതൽ 134 വരെ) മനഃ പാഠമാക്കുന്ന 12-ാം ക്ലാസ്സുവരെയുള്ള സൺഡേ സ്കൂൾ കുട്ടികൾക്ക് 2000 രൂപ ക്യാഷ് അവാർഡ് ലഭിക്കുന്നതാണ്.

**വീഡിയോ മത്സരം**

പഠനപുസ്തകത്തിലെ 30 വചനങ്ങൾ മനഃപാഠമാക്കി വീഡിയോ റിക്കോർ ഡുചെയ്ത് 2026 ഏപ്രിൽ 15നു മുൻപായി നൽകുന്ന കുട്ടികൾക്കും സമ്മാന ങ്ങൾ ലഭിക്കുന്നതാണ്.

**റീജൻതല മത്സരം:** 2026 ജൂൺ 7 ഞായർ (ഓഡിയോ വിഷൽ റൗണ്ട്)
പഠനപുസ്തകം 50%; പഞ്ചഗ്രന്ഥം ബൈബിൾഭാഗം 50 %

**ഗ്രാൻഡ്ഫിനാലെ:** 2026 ജൂലൈ 10 വെള്ളി

**സമാപന സമ്മേളനം:** 2026 ജൂലൈ 12 ശനി

***മത്സര വിഭാഗങ്ങൾ***

A വിഭാഗം 10 വയസ്സും അതിനു താഴെയും
B വിഭാഗം 11 മുതൽ 15 വയസുവരെ
C വിഭാഗം 16 മുതൽ 30 വയസ്സുവരെ
D വിഭാഗം 31 മുതൽ 50 വയസ്സുവരെ
E വിഭാഗം 51 മുതൽ 64 വരെ
F വിഭാഗം 65 നു മുകളിൽ

31.12.2025 അനുസരിച്ചാണ് പ്രായം നിശ്ചയിക്കുക.

**സിസ്റ്റേഴ്സിനായുള്ള അതിരൂപതാ മത്സരം:** 2026 ഏപ്രിൽ 18 ശനി

❑



# FAMILY MINISTRY AND COUNSELLING PSYCHOLOGY COURSE

**JOHN PAUL II PONTIFICAL THEOLOGICAL INSTITUTE FOR MARRIAGE AND FAMILY SCIENCES**

**CANA**

Changanacherry, Kerala, India

## Diploma Course

- Theology and Spirituality of Marriage and Family
- Abnormal Psychology
- General Psychology
- Bioethics and Family
- Parenting
- Human Sexuality
- Social Psychology
- Personality Theories
- Developmental Psychology
- Counselling Skills and Techniques
- Couples and Family Therapies

**2026 January 07 onwards**

Students get a Certificate from **John Paul II Pontifical Institute, Rome,** besides another Certificate from **State Resource Centre (SRC).**

**Classes:**

**Mon-Wed & Saturdays and Public Holidays:** Family Ministry and Counselling Psychology Course (Pontifical and SRC Certificate).

**Saturdays and Public Holidays:** Counselling Psychology Course (SRC Certificate).

**For Registration**

**98477 02651 94477 51276**

**For Family Guidance and Counselling Call 82898 33641**



# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹമുള്ളവരേ,

വീണ്ടും ഒരു പുതുവർഷം നമ്മൾ ആരംഭിക്കുന്നു. ദൈവാനുഗ്രഹത്താൽ 2026 വർഷം സമ്പന്നമാകട്ടെ എന്നാശംസിക്കുന്നു. ഡിസംബർ മാസത്തിൽ നടന്ന ത്രിതല പഞ്ചായത്ത് ഇലക്ഷനിൽ സ്ഥാനാർഥികളായി മാതൃവേദി - പിതൃവേദി സംഘടനകളിലെ ഭാരവാഹികളും അംഗങ്ങളുമായ അനേകർ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തിരുന്നു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

2026 സീറോ മലബാർ സഭയിൽ 'സമുദായ ശക്തീകരണ വർഷമായി' ആചരിക്കപ്പെടുകയാണ്. എല്ലാ ഇടവകകളിലും ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഈ വർഷാചരണത്തിന്റെ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാൻ മാതൃവേദി-പിതൃവേദി അംഗങ്ങൾ മുൻകൈ എടുക്കണമെന്ന് ഓർമിപ്പിക്കുന്നു. നമ്മുടെ ഇടവകയിലെ യൂണിറ്റുകളുടെ ശക്തീകരണത്തിനും, മാതൃവേദി-പിതൃവേദിയുടെ വിവിധ ഫോറങ്ങളിൽ, പ്രത്യേകിച്ച് വിധവകൾക്കായുള്ള യൂദിത്ത്-നവോമി ഫോറം, ഗർഭിണികൾക്കായുള്ള ഏലീശ്വാ ഫോറം, നാലിൽ കൂടുതൽ മക്കൾ ഉള്ളവരുടെ ഹോളി ഫാമിലി ഫ്രെറ്റേർണിറ്റി എന്നിവയിൽ ഉൾപ്പെടുന്ന വ്യക്തികളുടെ വിവരങ്ങൾ ശേഖരിക്കാനും, അവയെ പ്രവർത്തനസജ്ജമാക്കാനും ഈ മാസം ശ്രദ്ധിക്കുമല്ലോ. ഏവർക്കും ദനഹാത്തിരുന്നാളിന്റെ പ്രാർത്ഥനാശംസകൾ!

സ്നേഹപൂർവം,

**ഫാ. ജോസഫ് പാറയ്ക്കൽ**
*(അസ്സോസിയേറ്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

## റിപ്പോർട്ട്

### ആവാഹൂസാ: പിതൃവേദി 42-ാം ജന്മദിനം

അതിരൂപതയിലെ പിതാക്കന്മാരുടെ സംഘടനയായ പിതൃവേദിയുടെ 42-ാം ജന്മദിനം മങ്കൊമ്പ് തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ 2025 നവംബർ 30നു നടത്തപ്പെട്ടു. അതിരൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. പിതൃവേദി അതിരൂപതാ പ്രസിഡന്റ് റോയ് കപ്പാങ്കൽ അദ്ധ്യക്ഷതവഹിച്ചു. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ക്ലീറ്റസ് കതിർപറമ്പിൽ മുഖ്യസന്ദേശം നൽകി. ചമ്പക്കുളം ഫൊറോനയുടെ ആതിഥേയത്വത്തിൽ നടന്ന സമ്മേളനത്തിൽ ഫൊറോനയിലെ വിവിധ യൂണിറ്റുകളുടെ കലാപരിപാടികളും ഫൊറോനയിലെ കലാകാരന്മാർ ഒത്തുചേർന്ന ആവാഹൂസാ തീം സോങ്ങും അവതരിപ്പിക്കപ്പെട്ടു. സമ്മേളനം അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് എത്തിയ 700-ൽ പരം പിതാക്കന്മാരുടെ പങ്കാളിത്തത്താൽ ശ്രദ്ധേയമായി.

## 42–ാം പിതൃവേദി ജന്മദിനത്തോടനുബന്ധിച്ച് നടന്ന ഓൺലൈൻ മത്സരങ്ങളുടെ ഫലങ്ങൾ

### I. പിതൃവേദി ഓൺലൈൻ പ്രസംഗമത്സരം

ഒന്നാം സ്ഥാനം : ഷൈരാജ് വർഗീസ് കൊച്ചുപറമ്പിൽ, ചീരഞ്ചിറ യൂണിറ്റ്, ചങ്ങനാശ്ശേരി ഫൊറോന

രണ്ടാം സ്ഥാനം : സജോമോൻ തോമസ് വെട്ടുവേലിക്കളം, വെളിയനാട് യൂണിറ്റ്, പുളിങ്കുന്ന് ഫൊറോന

മൂന്നാം സ്ഥാനം : എം.സി. കുഞ്ചപ്പൻ മുണ്ടക്കൽ, ചമ്പക്കുളം ബസിലിക്ക യൂണിറ്റ്, ചമ്പക്കുളം ഫൊറോന

### II. പിതൃവേദി ആന്തം മത്സരം

ഒന്നാം സ്ഥാനം : മുണ്ടുപാലം യൂണിറ്റ്, തൃക്കൊടിത്താനം ഫൊറോന

രണ്ടാം സ്ഥാനം : തത്തംപള്ളി യൂണിറ്റ്, ആലപ്പുഴ ഫൊറോന

മൂന്നാം സ്ഥാനം : ഏറ്റുമാനൂർ യൂണിറ്റ്, അതിരമ്പുഴ ഫൊറോന

### ദ്വിതീയ റൂബി ജൂബിലി അവാർഡ്

പിതൃവേദി റൂബി ജൂബിലി അതിരൂപതാ സമിതി ഏർപ്പെടുത്തിയ പിതൃവേദി റൂബി ജൂബിലി സ്മാരക അവാർഡുകൾ പിതൃവേദിയുടെ 42-ാം ജന്മദിന സമ്മേളനത്തിൽ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് വിതരണം ചെയ്തു. മാത്യു പോൾ (പൊതുപ്രവർത്തനം), കെ. സി. വർഗീസ് (കൃഷി), ബ്രദർ ജോജി തോമസ് (ആതുരസേവനം), ജോജോ തോമസ് (കല/കായികം) എന്നിവരാണ് അവാർഡിന് അർഹരായത്.

### അതിരൂപതാ ജൂബിലി തീർഥാടനം

മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ പൊതുതീർത്ഥാടനം 2025 ഡിസംബർ 13നു കുട്ടനാട് മേഖലയുടെ നേതൃത്വത്തിൽ ചമ്പക്കുളം സെന്റ് മേരീസ് ഫൊറോനാപള്ളിയിൽനിന്ന് രാവിലെ 5 മണിക്ക് ആരംഭിച്ച് 10.30നു പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്നു. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ പിതാവിന്റെ പിന്നിലായി 8000-ത്തിലധികം പേരാണ് കാൽനടയായി തീർഥാടനത്തിൽ പങ്കുചേർന്നത്. ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, ആലപ്പുഴ, മുഹമ്മ ഫൊറോനകളിലെ മാതൃവേദി-പിതൃവേദിയുടെ ബഹു. ഡയറക്ടർ അച്ചന്മാർ, ബഹു. സിസ്റ്റർമാർ, വിവിധ ഫൊറോനകളുടെയും യൂണിറ്റുകളുടെയും ഭാരവാഹികൾ എന്നിവർ തീർഥാടനത്തിന് സജീവമായ നേതൃത്വം നൽകി. തീർഥാടനം വിജയകരമാകാൻ പിന്നിൽ പ്രവർത്തിച്ചവരുടെ ദീർഘനാളത്തെ ഒരുക്കത്തിനും പരിശ്രമത്തിനും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾക്കും അതിരൂപതാ സമിതിയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

### സമന്വയ 2025: കെ.സി.ബി.സി. വനിതാ കമ്മീഷൻ സോണൽ മീറ്റിങ്

2025 ഡിസംബർ 3നു പാലാ രൂപതയുടെ പാസ്റ്ററൽ സെന്ററിൽ നടന്ന കെ.സി.ബി.സി. വനിതാ കമ്മീഷൻ കോട്ടയം സോണിന്റെ സമ്മേളനത്തിൽ

ചങ്ങനാശ്ശേരി അതിരൂപതയുടെ മാതൃവേദി അതിരൂപതാ ഭാരവാഹികളായ അഞ്ചുപേർ പങ്കെടുത്തു.

## ഓർമിക്കാൻ

### 2025 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

2025 വർഷത്തെ പ്രവർത്തന റിപ്പോർട്ടുകൾ എല്ലാ യൂണിറ്റുകളും തയ്യാറാക്കി ജനുവരി മാസത്തിൽ ഫൊറോനാ സമിതികളെ ഏൽപ്പിക്കേണ്ടതാണ്. ഫൊറോനാ സമിതികൾ എല്ലാ യൂണിറ്റുകളുടെയും പ്രവർത്തനങ്ങളെ ക്രോഡീകരിച്ച് ഫൊറോനാ സമിതിയുടെ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയ ഫൊറോനാ റിപ്പോർട്ടുകൾ 2026 ജനുവരി 31നകം അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. 2026ൽ തയ്യാറാക്കുന്ന രണ്ടാംവർഷ പ്രവർത്തന റിപ്പോർട്ടും കൂടി വിലയിരുത്തിയ ശേഷമായിരിക്കും മികച്ച യൂണിറ്റുകളുടെയും ഫൊറോനകളുടെയും അവാർഡുകൾ നിർണയിക്കുന്നത്.

### കലോത്സവം 2026

2026 വർഷത്തെ മാതൃവേദി–പിതൃവേദി കലോത്സവത്തിന്റെ മാർഗരേഖ പ്രകാശനം ചെയ്തു. മത്സരത്തിന്റെ തീയതികൾ മനസ്സിലാക്കി നേരത്തെ തന്നെ എല്ലാ യൂണിറ്റിലേയും അംഗങ്ങൾ ഒരുങ്ങുവാനും സജീവമായ പങ്കാളിത്തം ഉറപ്പാക്കാനും ശ്രദ്ധിക്കുക. അതിരൂപതാ രചനാമത്സരം 2026 മാർച്ച് 1ന് എല്ലാ ഫൊറോനകളിലും ക്രമീകരിക്കേണ്ടതാണ്. മാർച്ച്–മെയ് മാസങ്ങളിലായി ഫൊറോനാ അവതരണമത്സരങ്ങൾ നടത്തേണ്ടതിനാൽ മത്സരത്തിന്റെ തീയതികൾ ഫൊറോനാ സമിതികൾ യൂണിറ്റുകളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾക്കായി മാർഗരേഖ പരിശോധിക്കുക.

### നവോമി– യൂദിത്ത് ഫോറം: വാർഷിക സമ്മേളനം

ചങ്ങനാശ്ശേരി കുടുംബപ്രേഷിത വകുപ്പിന്റെ വിധവകൾക്കായുള്ള നവോമി–യൂദിത്ത് ഫോറത്തിന്റെ വാർഷിക സമ്മേളനം 2026 ജനുവരി 26ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ നവമി ഹാളിൽ നടത്തപ്പെടുന്നു.

### അതിരൂപത ടീച്ചിങ് ടീം പരിശീലനം

2026 സമുദായ ശക്തീകരണ വർഷത്തിൽ യൂണിറ്റുകളിൽ ബോധവത്കരണ ക്ലാസ്സുകൾക്കായി ടീച്ചിങ് ടീമിന്റെ രൂപീകരണവും പരിശീലനവും ജനുവരി–ഫെബ്രുവരി മാസങ്ങളിൽ നടത്താൻ ആഗ്രഹിക്കുന്നു. ഈ ടീമിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്നവർ അതിരൂപത ഡയറക്ടർ അച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

### യൂണിറ്റ് – ഫൊറോന സമിതികളുടെ പുനഃക്രമീകരണം

2025 പ്രവർത്തന വർഷത്തിൽ സ്ഥിരമായി സംഘടനാപ്രവർത്തനങ്ങളിൽ പങ്കെടുക്കാത്ത യൂണിറ്റ് എക്സിക്യൂട്ടിവംഗങ്ങളും ഫൊറോനാ ആനിമേഷൻ സമിതിയംഗങ്ങളും ഉണ്ടെങ്കിൽ അവർക്കു പകരം 2026 വർഷത്തെ പ്രവർത്തനങ്ങൾക്കായി പുതിയ അംഗങ്ങളെ ജനുവരി മാസത്തിൽതന്നെ തെരഞ്ഞെടുക്കേണ്ടതാണ്. ഫെബ്രുവരി മാസത്തിൽ പുതിയ മാർഗരേഖയിൽ ഉൾപ്പെടുത്തേണ്ടതിനാൽ ഈ മാറ്റങ്ങൾ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**പ്രോലൈഫ് സ്കോളർഷിപ്പ്**

ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ ദമ്പതികളിൽ 20 വയസ്സിൽ താഴെ പ്രായമുള്ള നാലോ അതിൽ കൂടുതലോ മക്കളുള്ളവരിൽ സാമ്പത്തിക സഹായം ആവശ്യമുള്ളവർക്കായി ക്രമീകരിച്ചിരിക്കുന്ന പ്രോലൈഫ് സ്കോളർഷിപ്പ് പദ്ധതിയുടെ ഫോം 2026 ജനുവരി 5 മുതൽ ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ ലഭ്യമായിരിക്കും. ആവശ്യമുള്ളവർ മാത്രം അതുവാങ്ങി പൂരിപ്പിച്ച് ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടും ബാങ്ക് അക്കൗണ്ട് വിവരങ്ങളോടുംകൂടെ ജനുവരി 15നുള്ളിൽ അതിരൂപതാ ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജനുവരി | 05, 06, 07 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 12, 13, 14 | |
| | 24, 25, 26 | |
| | 31 ഫെബ്രു. 01, 02 | |
| ഫെബ്രുവരി | 21, 22, 23 | |

**വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

❑

## നിത്യതയിലേക്ക്



**സി. മെർലി പുൽപ്പറമ്പിൽ** SMC



**സി. ലിയോ വാനിശ്ശേരി** CMC

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# യുവദീപ്തി-എസ്.എം.വൈ.എം.

## സംസ്ഥാനകലോത്സവം - ഓവറോൾ ചാമ്പ്യൻഷിപ്പ്

കേരള കാത്തലിക് യൂത്തുമൂവുമെന്റിന്റെ ആഭിമുഖ്യത്തിൽ 2025 നവംബർ 22, 23 തീയതികളിൽ തൃക്കാക്കര ഭാരതമാതാ കോളേജിൽ നടത്തിയ കലോത്സവം 'ഉത്സവ് - 25' ചങ്ങനാശ്ശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. 2024 ൽ തിരുവനന്തപുരം തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ നടത്തിയ കലോത്സവത്തിലും ചങ്ങനാശ്ശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. നായിരുന്നു ഓവറോൾ ചാമ്പ്യൻഷിപ്പ്.

## യുവദീപ്തി-എസ്.എം.വൈ.എം. 54-ാമത് ജന്മദിനം ആഘോഷിച്ചു

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ 54-ാമതു ജന്മദിനം പാസ്റ്ററൽ സെന്ററിൽ ആഘോഷിച്ചു. ജന്മദിനത്തോടനുബന്ധിച്ചു പൂർവ്വകാലപ്രവർത്തക സംഗമവും നടത്തി. അതിരൂപതാ പ്രസിഡന്റ് അരുൺ ടോം തോപ്പിലിന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് ജന്മദിനം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, അന്ത്രയോസ് ആന്റണി, സജി മതിച്ചിപറമ്പിൽ, ഫാ. മാർട്ടിൻ തൈപറമ്പിൽ, ഏ. പി. തോമസ്, ഡോ. രാജൻ കെ. അമ്പൂരി, ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ, ഫാ. എബ്രാഹം തർമ്മശ്ശേരി എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് വള്ളിയാനിപ്പുറം മുഖ്യപ്രഭാഷണം നടത്തി. ശേഷം ജന്മദിനകേക്ക് മുറിച്ചു.

## സംസ്ഥാനതലത്തിൽ വിജയികളായവർക്കും അനുമോദനവും സമ്മാനദാനവും

കേരളാ കാത്തലിക് യൂത്തുമൂവുമെന്റിന്റെ ആഭിമുഖ്യത്തിൽ തൃക്കാക്കര ഭാരതമാതാ കോളേജിൽ നവംബർ 22, 23 തീയതികളിൽ നടത്തിയ ഉത്സവ് -25ൽ പങ്കെടുത്തു വിജയികളായ യുവജനങ്ങളെ അഭി. മെത്രാപ്പോലീത്താ മാർ തോമസ് തറയിൽപിതാവ് അഭിനന്ദിക്കുകയും അനുമോദനം അർപ്പിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ കൂടിയ സമ്മേളനത്തിൽ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, അരുൺ ടോം തോപ്പിൽ, ക്രിസ്റ്റി കെ. കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു. കെ.സി.ബി.സി. സെക്രട്ടറി ജനറലായി നിയമിതനായ അഭി. പിതാവിന് ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ് ബൊക്കെ നൽകി അനുമോദനം അറിയിച്ചു.

## റൂഹാ ബാന്റിന്റെ നേതൃത്വത്തിൽ 100 പേരുടെ കരോൾ

ഈശോയുടെ മനുഷ്യാവതാരജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് നടത്തിയ റാലിയുടെ സമാപനത്തിൽ യുവദീപ്തി-എസ്.എം.വൈ.എം. റൂഹാ ബാന്റിന്റെ നേതൃത്വത്തിൽ 100 പേരുടെ കരോൾഗാനം നടത്തി. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ വച്ചാണ് കരോൾ നടത്തിയത്.

**2026 പ്രവർത്തനവർഷത്തേക്കുള്ള തെരഞ്ഞെടുപ്പ് (യൂണിറ്റ്, ഫൊറോന, അതിരൂപത)**

**യൂണിറ്റ് തെരഞ്ഞെടുപ്പ്**

2025 ഡിസംബർ 8 മുതൽ 28 വരെ

നേതൃത്വപരിശീലന സെമിനാറുകൾ – മീഡിയ വില്ലേജ്

| | | |
|---|---|---|
| 2025 ഡിസംബർ 30 | : | മണിമല, ചെങ്ങന്നൂർ, കുറുമ്പനാടം, ചങ്ങനാശ്ശേരി, മുഹമ്മ |
| 2026 ജനുവരി 03 | : | കോട്ടയം, എടത്വാ, പുളിങ്കുന്ന്, കുടമാളൂർ, തുരുത്തി |
| 2026 ജനുവരി 04 | : | നെടുങ്കുന്നം, അതിരമ്പുഴ, ആലപ്പുഴ, ചമ്പക്കുളം, തൃക്കൊടിത്താനം |

**ഫൊറോനാ തെരഞ്ഞെടുപ്പുകൾ**

| | | |
|---|---|---|
| 2026 ജനുവരി 02 വെള്ളി | : | കൊല്ലം-ആയൂർ |
| 2026 ജനുവരി 04 ഞായർ | : | മണിമല, ചെങ്ങന്നൂർ, കുറുമ്പനാടം, ചങ്ങനാശ്ശേരി, മുഹമ്മ |
| 2026 ജനുവരി 10 ശനി | : | കോട്ടയം, എടത്വാ, പുളിങ്കുന്ന്, കുടമാളൂർ, തുരുത്തി |
| 2026 ജനുവരി 11 ഞായർ | : | നെടുങ്കുന്നം, അതിരമ്പുഴ, ആലപ്പുഴ, ചമ്പക്കുളം, തൃക്കൊടിത്താനം, അമ്പൂരി, തിരുവനന്തപുരം |

**അതിരൂപതാ തെരഞ്ഞെടുപ്പ്**

| | | |
|---|---|---|
| 2026 ജനുവരി 17, 18 (ശനി, ഞായർ) | : | കുന്നന്താനം സെഹിയോൻ |

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അരുൺ റ്റോം തോപ്പിൽ**
*(പ്രസിഡന്റ്)*

❑

# സീയോൻ ധ്യാനകേന്ദ്രം

**സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷ സന്ദേശം 'എല്ലാവർക്കും പ്രത്യാശ' എന്നതാണ്. പ്രായാധിക്യത്താൽ ജീവിക്കാനുള്ള പ്രത്യാശ കുറയുന്നവരാണു വൃദ്ധജനങ്ങൾ. പ്രായമായ മാതാപിതാക്കൾക്കു പ്രത്യാശയും സമാധാനവും സന്തോഷവും പകരുന്നതാണു ഗ്രെയ്സ്ഫുൾ ധ്യാനം. ഇക്കാര്യം പള്ളികളിലറിയിക്കാനും അവരെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കാനും വികാരിയച്ചന്മാർ മുൻകൈയെടുക്കണം.

ബുക്കിങ്ങിന്: **8086399023, 9495107045**

**അടുത്ത ധ്യാനം:**
**2026 ജനുവരി 27-30**

**ഇടവകകളിൽ സീനിയർ സിറ്റിസൺ സംഗമം, രോഗീദിനാചരണം എന്നിവ നടത്താൻ വിളിക്കുക: 9495107045**

**2026 ജനുവരിയിലെ ശുശ്രൂഷകൾ**

5-7
12-14 : വിവാഹഒരുക്ക സെമിനാർ
24-26

09-11 : സൺഡേസ്കൂൾ ക്യാംപ് കടുവാക്കുളം ഇടവക
17-18 : അതിരൂപതാ യുവദീപ്തി ക്യാംപ്
19-22 : ദമ്പതീധ്യാനം (ഫാ. പോൾ വേങ്ങാശ്ശേരി)
23 : വൈദിക ബാച്ച് ഗ്യാതറിങ്
27-30 : സീനിയർ സിറ്റിസൺസ് ധ്യാനം

**സീയോൻ ധ്യാനകേന്ദ്രത്തിൽ ക്യാംപുകളും മറ്റുശുശ്രൂഷകളും നടത്താനാഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ: 9495107045**

## ഇടവകതിരുനാളിന് ഒരുദിവസം പ്രായമായവർക്ക്

ഇടവകകുടുംബത്തിൽ തിരുനാൾ ആചരിക്കുമ്പോൾ ഇടവകയിലെ ഏറ്റവും പ്രായമായവർക്കുവേണ്ടി ഒരുദിനം മാറ്റിവെക്കണമെന്ന് ഓർമിപ്പിക്കുന്നു.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

❑

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി
# (CHASS)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും പുതുവത്സരാശംസകൾ**

ഒരു കലണ്ടർ വർഷംകൂടി കടന്നുപോയിരിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചു വിചിന്തനം നടത്തി പുതുവർഷത്തിൽ നമ്മുടെ യൂണിറ്റുകളെ ശക്തിപ്പെടുത്തുവാനുതകുന്ന തരത്തിലുള്ള കർമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ പരിശ്രമിക്കണം. 2026 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നമ്മുടെ യൂണിറ്റു ഭാരവാഹികൾക്കും കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിനും വേണ്ടി മേഖലാതലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന വിവരം അറിയിക്കട്ടെ, ഇതിൽ നിർബന്ധമായും എല്ലാവരെയും പങ്കെടുപ്പിക്കാൻ യൂണിറ്റുകൾ ശ്രദ്ധിക്കുമല്ലോ. അതുപോലെ 12AB ലഭിച്ച എല്ലാ യൂണിറ്റുകളെയും അതിനു നേതൃത്വം നൽകിയ യൂണിറ്റ് ഡയറക്ടറച്ചന്മാരെയും ഭാരവാഹികളേയും അഭിനന്ദനം അറിയിക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച നമ്മുടെ പ്രവർത്തകർക്കും ചാസ് കുടുംബത്തിന്റെ പേരിൽ ആശംസകൾ നേരുന്നു.

കൂടാതെ കേരള കർഷകർക്കും വീട്ടമ്മമാർക്കും സ്വാശ്രയസംഘാംഗങ്ങൾക്കും തങ്ങളുടെ ഉൽപ്പന്നങ്ങളും വസ്തുക്കളും സ്വാതന്ത്ര്യത്തോടും ഉത്തരവാദിത്വത്തോടും വിൽക്കുന്നതിനും വാങ്ങുന്നതിനും വേണ്ടി രൂപീകരിച്ചിരിക്കുന്ന 'ചാസ് വിപണി' എന്ന ഓൺലൈൻ മാർക്കറ്റിങ് സംവിധാനത്തിൽ നമ്മുടെ എല്ലാം അംഗങ്ങളെയും ചേർക്കുന്നത് ഉചിതമായിരിക്കും.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**എയ്ഡ്സ് ദിനാചരണം:** ഡിസംബർ 1 അന്താരാഷ്ട്ര എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി ചാസ് കേന്ദ്രഓഫീസിൽ ഡയറക്ടർ ഫാ. ജോർജ് പനക്കേഴം എയ്ഡ്സ്ദിന സന്ദേശം നൽകി എല്ലാവർക്കും ബാഡ്ജ് വിതരണം ചെയ്തു.

**ഭിന്നശേഷി ദിനാചരണം:** ഡിസംബർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ചു ചാസ്, റിഹാസ്വിസ്സിന്റെ സഹകരണത്തോടെ, 10 ഭിന്നശേഷിക്കാർക്കു സ്വയംതൊഴിൽ ആരംഭിക്കുന്നതിനു 20000 രൂപ പലിശരഹിത വായ്പ നൽകി.

**റിഹാസ്വിസ്സ് വിസിറ്റ്:** സ്വിറ്റ്സ്വർലണ്ടിൽനിന്നും എത്തിയ റിഹാസ്വിസ്സ് ടീം അംഗങ്ങൾ ഡിസംബർ 5നു ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ കുടുംബങ്ങൾ സന്ദർശിച്ച് അവരുടെ സ്വയംതൊഴിൽ സംരംഭങ്ങൾ വിലയിരുത്തി.

**മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു:** ചാസ് വളർത്തുകൂട്ടം പദ്ധതി വഴി വിവിധ യൂണിറ്റുകളിൽനിന്നും ഓഡർ ലഭിച്ചതിൻ പ്രകാരം ഡിസംബർ 10നു 45 ദിവസം പ്രായമുള്ള 193 മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു.

### ഓൺലൈൻ വിപണി

കർഷകർക്കും സ്വാശ്രയസംഘങ്ങൾക്കും വീട്ടമ്മമാർക്കും ഇടനിലക്കാരെ ഒഴിവാക്കി തങ്ങളുടെ ഉൽപ്പന്നങ്ങളും വസ്തുക്കളും വിൽക്കുന്നതിനും വാങ്ങുന്നതിനും 'ചാസ് വിപണി' എന്ന ഓൺലൈൻ മാർക്കറ്റിങ് സംവിധാനം ഡിസംബർ 17 മുതൽ ആരംഭിച്ചു. കർഷകസംഘങ്ങൾ, സംരംഭകർ തുടങ്ങി എല്ലാവർക്കും ഗ്രൂപ്പിൽ അംഗങ്ങളാകാവുന്നതാണ്. ഗ്രൂപ്പിൽ അംഗങ്ങളാകുന്നതിനും പരസ്യങ്ങൾ നൽകുന്നതിനും ഈ നമ്പരിൽ വിളിക്കുക. 8138088730, 8138087730.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 19.11.2025 | നെടുങ്കുന്നം | ഒരുമ | 11 |

### ബാങ്ക് ലോൺ

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി.കളിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 16 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 25.11.2025 | ധനശ്രീ | അന്നപൂർണ്ണ | വായ്പൂർ |
| 25.11.2025 | നിത്യ | നവജീവൻ | ഇത്തിത്താനം |
| 27.11.2025 | സ്നേഹധാര | ഉദയം | ഫാത്തിമാപുരം |
| 04.12.2025 | ജ്വാല | പൊലിക | പൊടിപ്പാറ |
| 17.12.2025 | ഹോളി ഫാമിലി | കരുണ | ഫാത്തിമാപുരം |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**(1) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിനു 10,000 രൂപ വീതം 4 കുടുംബങ്ങൾക്കു 40,000 (നാൽപ്പതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1308. സി.എ. സെബാസ്റ്റ്യൻ, ചിറപ്പറമ്പ് | അമ്പലപ്പുഴ | എടത്വാ |
| 1309. മിനി അഭിമന്യൂ, കാരുവേലിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 1310. സരസമ്മ സത്യവാൻ, പടിഞ്ഞാറേവാലയിൽ | കേസറിയ | പുളിങ്കുന്ന് |
| 1311. ധർമ്മരാജൻ, പടിഞ്ഞാറ്റിൻകര | ഫിൽഗിരി | കൊല്ലം |

## മേഖലാവാർത്തകൾ

**ക്യാൻസർ ബോധവത്കരണം:** ചാസ് പച്ച-ചെക്കിടിക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ നവംബർ 21നു ക്യാൻസർ ബോധവത്കരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് ചൂളപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ക്ലിനിക്കൽ ഓങ്കോളജിസ്റ്റ് ഡോ. രാജു മാത്യു സിറിയക് ക്ലാസ്സ് നയിച്ചു.

**തയ്യൽ പരിശീലനം:** തോട്ടയ്ക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ നവംബർ 24നു തയ്യൽ പരിശീലനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോബി പരുവപ്പറമ്പിൽ ആമുഖ സന്ദേശം നൽകി. ബിന്ദു അനിലിന്റെ നേതൃത്വത്തിൽ 25 വനിതകൾ പരിശീലനം നേടിവരുന്നു. മേഖലാ കോഡിനേറ്റർ സജി ഷാജി, സൗമ്യാ റിന്റു എന്നിവർ പ്രസംഗിച്ചു.

**കുടനിർമ്മാണ പരിശീലനം:** സഹൃദയ വൊക്കേഷണൽ ട്രെയിനിങ് യൂണിറ്റിലെ 29 കുട്ടികൾക്കും 4 അധ്യാപകർക്കും നവംബർ 26നു കുടനിർമ്മാണത്തിൽ പരിശീലനം നൽകി. ചാസ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല ഉദ്ഘാടനം നിർവ്വഹിച്ചു. കോഡിനേറ്റർ ഗ്രേയ്സമ്മ ജോസഫ് പരിശീലനം നൽകി. സിസ്റ്റർ ടെസ എസ്.എ.ബി.എസ്. നേതൃത്വം നൽകി.

**കേൾവി പരിശോധനാ ക്യാംപ്:** മുട്ടാർ ഓൾഡ്, കൊടുപ്പുന്ന യൂണിറ്റുകളിൽ ചങ്ങനാശ്ശേരി ശബ്ദ-ശ്രവണ മീഡിയയുടെ സഹകരണത്തോടെ ഡിസംബർ 7, 14 തീയതികളിൽ കേൾവി പരിശോധനാ ക്യാംപ് നടത്തി. 110 അംഗങ്ങൾ ക്യാംപ് പ്രയോജനപ്പെടുത്തി.

**യൂണിറ്റു വാർഷികവും ആദരിക്കലും:** മുട്ടാർ ചാസ് യൂണിറ്റു വാർഷികം ഡിസംബർ 15നു ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു. യൂണിറ്റു ഡയറക്ടർ ഫാ. ജോൺ വി. തടത്തിൽ അദ്ധ്യക്ഷതവഹിച്ചു. ഫാ. ജോസഫ് പുതുവീട്ടിക്കളം, പ്രസിഡന്റ് സി. ജെ. ജോസഫ്, സെക്രട്ടറി ജോർജ് മാത്യു, വൈസ് പ്രസിഡന്റ് ലൈസാമ്മ ജോസഫ്, കൺവീനർ വി. എം. തൊമ്മിക്കുട്ടി, കോഡിനേറ്റർ ആൻസി ലോനിച്ചൻ എന്നിവർ പ്രസംഗിച്ചു. തൃതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ വിജയികളായ ചാസ് അംഗങ്ങളെ ചടങ്ങിൽ ആദരിച്ചു.

**കോർണർ മീറ്റിങ്:** യൂണിറ്റു ശക്തീകരണത്തിന്റെ ഭാഗമായി നവംബർ 26നു രാമങ്കരി, മുട്ടാർ ഗ്രാമപഞ്ചായത്തുകളിലെ 9, 11 വാർഡുകളിൽ കോർണർ മീറ്റിങ് സംഘടിപ്പിച്ചു. കോഡിനേറ്റർ ആൻസി ലോനിച്ചൻ നേതൃത്വം നൽകി.

**ജനറൽ ബോഡി മീറ്റിങ്:** കുമരകം നവനസ്രത്ത് യൂണിറ്റിൽ ഡിസംബർ 7നു ജനറൽ ബോഡി മീറ്റിങ് നടത്തി. യൂണിറ്റു ഡയറക്ടർ ഫാ. സിറിയക് വലിയപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ചാസ് എക്സിക്യൂട്ടീവ് അംഗങ്ങളുമായി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ നേതൃത്വം നൽകി.

**മേഖലാ എക്സിക്യൂട്ടിവ്:** ചങ്ങനാശ്ശേരി മേഖലാ എക്സിക്യൂട്ടിവ് സമിതി ഡിസംബർ 16നു ചെത്തിപ്പുഴ യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. തോമസ് കല്ലുകളം അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തുകയും യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ പറ്റുന്ന പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്യുകയും ചെയ്തു. മേഖലാ പ്രസിഡന്റ് തോമസുകുട്ടി മണക്കുന്നേൽ, സെക്രട്ടറി ജിജി ജോസഫ് എന്നിവർ പ്രസംഗിച്ചു.

**യൂണിറ്റു സന്ദർശനം:** യൂണിറ്റു പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ഡിസംബർ 14നു ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം കുമരങ്കരി യൂണിറ്റു സന്ദർശിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. വർഗ്ഗീസ് മൂന്നുപറയിൽ അദ്ധ്യക്ഷത വഹിച്ചു. ചാസിന്റെ പ്രവർത്തന ലക്ഷ്യങ്ങളെക്കുറിച്ചും യൂണിറ്റുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും ഡയറക്ടർ വിശദീകരിച്ചു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

**കൂൺകൃഷി പരിശീലനം:** പൊടിപ്പാറ യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘാംഗങ്ങൾ ഡിസംബർ 13നു പാമ്പാടി വെള്ളൂർ റൈസ് ക്യാംപസിൽ നിന്നും കൂൺ കൃഷിയിൽ പരിശീലനം നേടി.

**ക്രിസ്തുമസ് ആഘോഷം**

ഏറ്റുമാനൂർ യൂണിറ്റിന്റെയും 'സൂര്യ' സ്വാശ്രയസംഘത്തിന്റെയും നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷപരിപാടി സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. തോമസ് കുത്തുകല്ലുങ്കൽ പതിനേഴുവർഷമായി ചാസ് കമ്മ്യൂണിറ്റി ഓർഗ്ഗനൈസറായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന സൂസി തോമസിനെ ചടങ്ങിൽ ആദരിച്ചു.

**ലഹരിവിരുദ്ധ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു:** എസ്.എൽ. സി.എ. പ്രോജക്ടിന്റെ ഭാഗമായി ചാസിന്റെ വിവിധ യുണിറ്റുകളിലും സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കുംവേണ്ടി ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. ഐ.ആർ.സി.എ. കോഡിനേറ്റർ നിധിൻ ചന്ദ്ര, ജിനേഷ് ജോസഫ് വർഗീസ്, റിനി രാജൻ, ലിയോ എബ്രാഹാം, എസ്.എൽ.സി.എ. സ്റ്റാഫ് റ്റോബിൻ ടോമി, സോളമൻ ഫെർണാണ്ടസ് എന്നിവർ ക്ലാസ്സ് നയിച്ചു. മേഖലാ കോഡിനേറ്റേഴ്സ് നേതൃത്വം നൽകി.

| *തീയതി* | *യൂണിറ്റ്/സ്ഥലം* | *സംഘടിപ്പിച്ചത്* |
|---|---|---|
| നവംബർ 24 | അതിരമ്പുഴ | സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്. |
| നവംബർ 26 | എടത്വാ | സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്. |
| നവംബർ 29 | അതിരമ്പുഴ | സെന്റ് മേരീസ് ജി.എച്ച്.എസ്. |
| ഡിസംബർ 03 | ചങ്ങനാശ്ശേരി | എസ്.ബി. കോളേജ് |
| ഡിസംബർ 04 | ചങ്ങനാശ്ശേരി | അസംപ്ഷൻ കോളേജ്, എസ്.ബി. കോളേജ് |

**പരിശീലന പരിപാടികൾ:** എസ്.എൽ.സി.എ. IRCA കൗൺസിലർമാർക്കും, സോഷ്യൽ വർക്കേഴ്സിനും ഡി അഡിക്ഷനെക്കുറിച്ച് നവംബർ 18 മുതൽ ഡിസംബർ 2 വരെ RRTC പരിശീലന ഹാളിൽ വച്ച് പരിശീലനം നൽകി. ❑

# ചാസ്സ് – ഖാദി ഗ്രാമവ്യവസായമേഖല

## മെഴുകുതിരി നിർമ്മാണ പരിശീലനം

ചേർപ്പുങ്കൽ ബി.വി.എം. കോളേജിൽ 2025 ഡിസംബർ 15ന് ആരംഭിച്ച ഒരാഴ്ചത്തെ മെഴുകുതിരി നിർമ്മാണ കോഴ്സ് 15.12.2025നു സമാപിച്ചു. 40 വിദ്യാർഥികൾ പങ്കെടുത്തു.

## ഏകദിന വ്യവസായ സംരംഭകത്വ ശില്പശാല സംഘടിപ്പിച്ചു.

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭ്യമുഖ്യത്തിൽ 2025 ഡിസംബർ 11ന് ഏകദിന വ്യവസായ സംരംഭകത്വ ബോധവത്കരണ ശില്പ ശാല സംഘടിപ്പിച്ചു. കോളേജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്ന് 86 വിദ്യാർഥികൾ പങ്കെടുത്തു. സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നൽകിവരുന്ന 35% സബ്സിഡിയോടുകൂടിയ ബാങ്ക് വായ്പകൾ ലഭിക്കാനുള്ള മാർഗരേഖകൾ പ്രസ്തുത ശില്പശാലയിൽ അവതരിപ്പിച്ചു. ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിൽ നടത്തുന്ന വിവിധ ഖാദി ഗ്രാമവ്യവസായപരിശീലന പരിപാടികളെക്കുറിച്ചു വിദ്യാർഥികൾക്ക് അവബോധം നൽകി.

## ഏകദിന വ്യവസായ സംരംഭകത്വ ശില്പശാലകൾ

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭ്യമുഖ്യത്തിൽ 27.12.2025നു സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിലും 28.12.2025നു വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കണ്ടറി സ്കൂളിലും 31.12.2025നു കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിലും ഏകദിന വ്യവസായ സംരംഭകത്വ ബോധവത്കരണ ശില്പശാലകൾ സംഘടിപ്പിക്കും.

**2026 ജനുവരി/ ഫെബ്രുവരി മാസങ്ങളിൽ മല്ലപ്പള്ളി വിദ്യാലയത്തിലും വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലുമായി ആരംഭിക്കുന്ന വിവിധ ഫീ ബേസിസ്, മറ്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|
| ബീ കീപ്പിംഗ് സർട്ടിഫിക്കേറ്റ് കോഴ്സ് | 05.01.2026 | 1 മാസം | 500/- | ഡി.ബി. കോളേജ് പരുമല | 30 |
| പഴവർഗ്ഗ സംസ്ക്കരണം | 12.01.2026 | | | കെ.ജി.വി. മല്ലപ്പള്ളി | 20 |
| ബ്യൂട്ടീഷൻ കോഴ്സ് | 12.01.2026 | 2 മാസം | 4500/- | കെ.ജി.വി. മല്ലപ്പള്ളി | |
| കുട നിർമ്മാണം | 02.02.2026 | 1 ഒരാഴ്ച | 500/- | സെന്റ് തോമസ് കോളേജ് കോഴഞ്ചേരി | 30 |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്–ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

❑

# ക്രിസ്സ്
## (KUTTANAD RESEARCH AND REVIVAL INITIATIVE SOCIETY)

സ്നേഹംനിറഞ്ഞവരേ,

**ഏവർക്കും പുതുവത്സര ആശംസകൾ**

മിശിഹായുടെ മനുഷ്യാവതാര ജൂബിലി നിറവിൽ കടന്നുവന്ന തിരുപ്പിറവിയുടെ ആഘോഷങ്ങളുടെ ഒളിമങ്ങാത്ത ഓർമ്മകളുമായി പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുന്നു. സമുദായശക്തീകരണവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിൽ വ്യക്തികളുടെയും കുടുംബങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങൾ തിരിച്ചറിഞ്ഞു അവയോടു പ്രതികരിക്കുവാനും അങ്ങനെ സഭയെ സ്നേഹിച്ചു സമുദായത്തിന്റെ കെട്ടുറപ്പിനായി ഒത്തൊരുമയോടെ മുന്നേറുവാൻ ഒരുമിച്ചു യത്നിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പള്ളിച്ചിറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് താന്നിയത്ത്**
*(ഡയറക്ടർ)*

### ക്രിസ്സ്–ഇൻഫാം പ്രവർത്തനവിപുലീകരണം

ക്രിസ്സ്-ഇൻഫാം പ്രവർത്തനവിപുലീകരണത്തിന്റെ ഭാഗമായി മാടപ്പള്ളി അഗ്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുമായി ചേർന്ന് ഒരു യോഗം തെങ്ങണ നെഹ്റു മെമ്മോറിയൽ പബ്ലിക് ലൈബ്രറി ഹാളിൽ നടന്നു. മാഫ്കോ ചെയർമാൻ തോമസ് ജെ. മാന്തറ, ഡയറക്ടർ ബോർഡംഗങ്ങൾ, വർക്കിംഗ് കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുത്ത യോഗത്തിൽ ക്രിസ്സ്-ഇൻഫാമിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുവാൻ ഫാ. തോമസ് താന്നിയത്ത്, ഫാ. ജോസഫ് പള്ളിച്ചിറയിൽ, ഡോ. സേവിച്ചൻ പി. ജെ., റോയി ജോസഫ് എന്നിവർ പങ്കെടുത്തു.

### ജൂബിലി വിളംബരജാഥയ്ക്കു സ്വീകരണം

ഇൻഫാം സംഘടനയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനതലത്തിൽ നടത്തിയ വിളംബരജാഥയ്ക്കും ദീപശിഖ പ്രയാണത്തിനും ചങ്ങനാശ്ശേരി കാർഷികജില്ലയുടെ നേതൃത്വത്തിൽ മുഹമ്മ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ സ്വീകരണം നൽകി. മുഹമ്മ ഫൊറോനാ വികാരി ഫാ. ആന്റണി കാട്ടുപ്പാറ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് താന്നിയത്ത്, സംസ്ഥാന പ്രസിഡന്റ് ജോസ് ഇടപ്പാട്ട്, സെക്രട്ടറി ഡോ. പി. വി. മാത്യു, ജോയിൻ സെക്രട്ടറി ടോം ജോസഫ്, ചങ്ങനാശ്ശേരി ജില്ലാ പ്രസിഡന്റ് ഡോ. സേവിച്ചൻ പി. ജെ., റോയി ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

❑

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ജിംപെയറിന്റെ മേൽനോട്ട ചുമതലയും നടത്തിപ്പും ഇനി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ

ഡോ. ജോർജ് പടനിലം സ്ഥാപിച്ച ചീരഞ്ചിറയിലുള്ള പ്രവർത്തന സജ്ജമായ ജിമ്മി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൾട്ടി ഡിസിപ്ലിനറി ഫിസിക്കൽ ആന്റ് ഇന്റെലക്ചൽ റീഹാബിലിറ്റേഷൻ ആന്റ് എംപവർമെന്റ് (JIMPIRE)ന്റെ മേൽനോട്ട ചുമതലയും നടത്തിപ്പും ഇനി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിക്ക്.

നവംബർ 27നു ജിംപെയർ അങ്കണത്തിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ കൈമാറ്റചടങ്ങ് നടന്നു. അതിരൂപതാ മെത്രാപ്പോലീത്താ ആർച്ചുബിഷപ് മാർ തോമസ് തറയിൽ അധ്യക്ഷതവഹിച്ച യോഗത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര, ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ, ഹോസ്പിറ്റൽ എക്സിക്യുട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അസോ. ഡയറക്ടറുമാരായ ഫാ. ജോഷി മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. ജോസ് പുത്തൻചിറ, ജിംപെയർ സ്ഥാപകൻ ഡോ. ജോർജ് പടനിലം എന്നിവർ പ്രസംഗിച്ചു. കർമ്മനിരതമായ 10 വർഷങ്ങൾക്ക് ഇടയിൽ ശാരീരികവും മാനസികവുമായ വിഷമതകൾ അനുഭവിക്കുന്ന ഒന്നര ലക്ഷത്തിലധികം ആളുകൾക്കു നേരിട്ടു സേവനമെത്തിക്കാൻ ജിംപെയറിനു കഴിഞ്ഞിട്ടുണ്ട്. സേവനമേഖല വിപുലമാക്കുന്നതിന്റെയും ഗുണനിലവാരം അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെയും ഭാഗമായാണ് ഈ കൈമാറ്റമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. പീഡിയാട്രിക് വിഭാഗം, ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ (PMR), ക്ലിനിക്കൽ സൈക്കോളജി, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഡോക്ടർമാരുടെ സേവനങ്ങളും ലഭ്യമാണ്.

### പ്രോസ്റ്റേറ്റ് ക്ലിനിക്ക് ഉദ്ഘാടനവും സൗജന്യ യൂറോളജി ക്യാംപും

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് യൂറോളജിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 15 മുതൽ 19 വരെ സൗജന്യ യൂറോളജി ക്യാംപ് സംഘടിപ്പിച്ചു. ക്യാംപിൽ ഉദ്ഘാടനവും പുതുതായി ആരംഭിച്ച അന്തർദ്ദേശീയ നിലവാരമുള്ള പ്രോസ്റ്റേറ്റ് ക്ലിനിക്കിന്റെ ഉദ്ഘാടനവും മുൻ അതിരൂപത വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ നിർവഹിച്ചു. ക്ലാസ്സിന്റെ ഭാഗമായി ലാബോറട്ടറി പരിശോധനകൾക്കും റേഡിയോളജി സേവനങ്ങൾക്കും 20% ഡിസ്കൗണ്ട് കൺസൾട്ടേഷൻ പൂർണ്ണമായി സൗജന്യമായിരുന്നു. പുതുതായി തുടങ്ങിയ പ്രോസ്റ്റേറ്റ് ക്ലിനിക്കിൽ യൂറോളജി സംബന്ധമായ രോഗങ്ങൾ അതിവേഗം കണ്ടെത്താനുള്ള അത്യാധുനിക സാങ്കേതിക വിദ്യയും നൂതന യൂറോ ലിഫ്റ്റ് ചികിത്സാരീതിയും ക്രമീകരിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ എക്സിക്യുട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പത്തിൽചിറ, ഫാ.

ജോസ് പുത്തൻചിറ, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, പ്രൊഫ. ഡോ. എൻ. രാധാകൃഷ്ണൻ, ഡോ. തോമസ് സക്കറിയ, ഡോ. മെബിൻ ബി. തോമസ്, ഡോ. ഹൃഷികേഷ് ചക്രവർത്തി എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

**ചങ്ങനാശ്ശേരി മാരത്തോൺ ഔദ്യോഗിക ഹെൽത്ത് പാർട്നർ**

സർഗ്ഗക്ഷേത്രയുടെ നേതൃത്വത്തിൽ നവംബർ 30നു സംഘടിപ്പിച്ച ചങ്ങനാശ്ശേരി മാരത്തോണിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ ഔദ്യോഗിക ഹെൽത്ത് പാർട്നറായി സേവനം ചെയ്തു. പ്രസ്തുത പരിപാടിയുടെ ഭാഗമായി മാരത്തോണിൽ പങ്കെടുത്തവർക്കുള്ള സൗജന്യ ആതുരസേവനം അന്നേദിവസം ലഭ്യമാക്കി.

**SNA ദേശീയ സമ്മേളനത്തിൽ ശ്രദ്ധേയമായി സെന്റ് തോമസ് നഴ്സിങ് കോളേജ്**

നഴ്സിങ് വിദ്യാർഥികളുടെ ദേശീയ സംഘടനയായ സ്റ്റുഡന്റ് നഴ്സസ് അസോസിയേഷന്റെ (SNA) 31-ാമത് ദേശീയ ദ്വൈവാർഷിക സമ്മേളനം 2025 നവംബർ 20 മുതൽ 22 വരെ പൂനയിലെ വേൾഡ് പീസ് ഡോമിൽ നടന്നു. ചെത്തിപ്പുഴ സെന്റ് തോമസ് നഴ്സിങ് കോളേജിൽനിന്നും സംസ്ഥാന കലാമേളയിൽ ഹിന്ദി ഉപന്യാസമത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ നേഹ ബിനോയിയും ഇംഗ്ലീഷ് ഉപന്യാസമത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ അലീഷ ആൻ തോമസും കായിക മത്സരത്തിൽ ഹൈജംപിന് ഒന്നാംസ്ഥാനം നേടിയ റോസി കുര്യനും ദേശീയമത്സരത്തിൽ പങ്കെടുത്തു. കായിക മികവിന്റെ ശ്രദ്ധേയമായ പ്രകടനത്തിലൂടെ റോസി കുര്യൻ ഹൈജംപ് മത്സരത്തിൽ ഒന്നാംസ്ഥാനം നേടി.

**കോൺഫറൻസ് സംഘടിപ്പിച്ചു**

സെന്റ് തോമസ് ആശുപത്രി നേഴ്സിങ് വിഭാഗവും സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിങ്ങും സൊസൈറ്റി ഓഫ് മിഡ് വൈഫ് ഇന്ത്യ, കേരള ചാപ്റ്ററുമായി സഹകരിച്ച് മിഡ് വൈഫറി പ്രാക്ടീസ്- പ്രസവ പരിചരണത്തിലെ മാറ്റങ്ങൾ എന്ന വിഷയത്തിൽ 2025 നവംബർ 29നു ചെത്തിപ്പുഴയിലെ സെന്റ് തോമസ് നഴ്സിങ് കോളേജിൽ സംസ്ഥാനതല കോൺഫറൻസ് സംഘടിപ്പിച്ചു. രാവിലെ എട്ടുമണിക്ക് ആരംഭിച്ച സമ്മേളനം അതിരൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ആന്റണി മൂലയിൽ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഡോ. നമിത സുബ്രഹ്മണ്യം, മീനാ കെ., പ്രിയങ്ക ഇടിക്കുള, ജ്യോതി കെ., പ്രൊഫ. സോജി തോമസ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. അസോസിയേറ്റ് പ്രൊഫ. ഷെറിൻ ജോസ് നന്ദി പ്രഭാഷണം നടത്തി. വൈകിട്ട് നാലിനു സമ്മേളനം സമാപിച്ചു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### ബോധവത്കരണ ക്ലാസ്സ്

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തിന്റെ (International Day for the Elimination of Violence against Women) ഭാഗമായി നവംബർ 25ന് ആശുപത്രിയിലെ ജീവനക്കാർക്കായി പ്രത്യേക ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

ലോകമെമ്പാടും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, ഏറെ പ്രസക്തമായ ഒന്നായിരുന്നു ഈ ദിനാചരണം. സ്വന്തം അവകാശങ്ങളെക്കുറിച്ചും നിയമപരിരക്ഷയെക്കുറിച്ചും സ്ത്രീകൾക്ക് അവബോധം നൽകുക, അവരെ കൂടുതൽ ആത്മവിശ്വാസമുള്ളവരാക്കുക, ഭയരഹിതമായ തൊഴിൽസാഹചര്യം സൃഷ്ടിക്കുക എന്നിവയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. സ്ത്രീസുരക്ഷ നിയമസംവിധാനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും അതിൽ ഓരോ വ്യക്തിക്കും വലിയ പങ്കുണ്ടെന്നും ഈ ദിനം ഏവരെയും സ്മരിപ്പിച്ചു. കേരള പോലീസ് ഉദ്യോഗസ്ഥരായ വനിതാ സെൽ എ.എസ്.ഐ. ലിജിമോൾ, ക്രൈംബ്രാഞ്ച് എ.എസ്.ഐ. സുലേഖ എന്നിവർ ചേർന്നാണ് ക്ലാസ്സുകൾക്കു നേതൃത്വം നൽകിയത്. ദൈനംദിന ജീവിതത്തിലും തൊഴിലിടങ്ങളിലും സ്ത്രീകൾ നേരിടാൻ സാധ്യതയുള്ള വിവിധതരം അതിക്രമങ്ങളെക്കുറിച്ചും അവയെ നേരിടാനുള്ള നിയമവശങ്ങളെക്കുറിച്ചും ഉദ്യോഗസ്ഥർ വിശദമായി സംസാരിച്ചു. സ്ത്രീകൾക്കു നിയമപരമായി ലഭിക്കുന്ന പരിരക്ഷകളെക്കുറിച്ചു വ്യക്തമായ അവബോധം നൽകാനും ഈ ക്ലാസ്സിലൂടെ സാധിച്ചു.

### സൗജന്യ മെഗാ മെഡിക്കൽ ക്യാംപ്

ആശുപത്രിയുടെയും ലയൺസ് ക്ലബ്ബ് ഓഫ് ആലപ്പി സൗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നവംബർ 30 ഞായറാഴ്ച മുഹമ്മ ആര്യക്കര എ.ബി.വി.എച്ച്.എസ്.എസ്. ഹാളിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണർ ലയൺ കെ.ബി. ഷൈൻ കുമാർ (പി.എം.ജെ.എഫ്.) ക്യാംപിന് നേതൃത്വം നൽകി.

ലയൺസ് ക്ലബ്ബ് പ്രസിഡന്റ് ലയൺ അശോക് കുമാർ കെ. കെ., സെക്രട്ടറി ലയൺ അഡ്വ. അജികുമാർ സി., ട്രഷറർ ലയൺ ജിബു കെ. ദേവസ്യ എന്നിവർ ക്യാംപിൽ പങ്കെടുത്തു. ജനറൽ മെഡിസിൻ, ഇ.എൻ.ടി., ഒഫ്താൽമോളജി, സ്കിൻ, ഓർത്തോ വിഭാഗങ്ങളുടെ സേവനം ക്യാംപിൽ ലഭ്യമായിരുന്നു. കൂടാതെ സൗജന്യ മരുന്നു വിതരണം, ബ്ലഡ് ഷുഗർ, ബി.പി., യൂറിക് ആസിഡ്, നേത്ര പരിശോധന എന്നിവയും ക്രമീകരിച്ചിരുന്നു.

### ലോക എയ്ഡ്സ് ദിനാചരണം

ലോക എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി ഡിസംബർ ഒന്നിന് ആശുപത്രിയിൽ ജീവനക്കാർക്കായി പ്രത്യേക മെഡിക്കൽ സെമിനാർ സംഘടിപ്പിച്ചു. എച്ച്.ഐ.വി. പ്രതിരോധത്തെക്കുറിച്ചും ചികിത്സാരംഗത്തെ നൂതന മാറ്റങ്ങളെ

ക്കുറിച്ചും ആരോഗ്യപ്രവർത്തകരെ ബോധവത്കരിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു സെമിനാർ നടത്തിയത്.

എയ്ഡ്സ് എന്ന രോഗത്തെക്കുറിച്ചുള്ള അശാസ്ത്രീയമായ ഭയവും സാമൂഹികമായ അകലവും ഇല്ലാതാക്കുന്നതിൽ ആരോഗ്യപ്രവർത്തകർക്കു വലിയൊരു പങ്കുവഹിക്കാനുണ്ട്. ഈ സന്ദേശം മുൻനിർത്തിയാണ് ആശുപത്രിയിലെ സ്റ്റാഫുകൾക്കായി ഇത്തരമൊരു വിപുലമായ ക്ലാസ്സ് ക്രമീകരിച്ചത്.

ജനറൽ മെഡിസിൻ വിഭാഗം ഡോ. ഗോവിന്ദ് എസ്. സെമിനാറിന് നേതൃത്വം നൽകി. എച്ച്.ഐ.വി. ബാധിച്ചവർക്ക് കൃത്യമായ ചികിത്സയിലൂടെ സാധാരണ ജീവിതം നയിക്കാൻ സാധിക്കുമെന്ന ശാസ്ത്രീയവശം അദ്ദേഹം ജീവനക്കാരുമായി പങ്കുവെച്ചു. കൂടാതെ, ആശുപത്രിയിൽ നിലവിൽ ലഭ്യമായിട്ടുള്ള എച്ച്.ഐ.വി. പരിശോധന സംവിധാനങ്ങളെക്കുറിച്ചും (Testing Facilities), രോഗം നേരത്തെ കണ്ടെത്തുന്നതിലൂടെ (Early Diagnosis) ചികിത്സ എത്രത്തോളം ഫലപ്രദമാക്കാം എന്നതിനെക്കുറിച്ചും അദ്ദേഹം വിശദമായി സംസാരിച്ചു.

സെമിനാറിന്റെ ഭാഗമായി എയ്ഡ്സ് ബോധവത്കരണ സന്ദേശങ്ങൾ അടങ്ങിയ പോസ്റ്റർ പ്രദർശനവും ആശുപത്രിയിൽ ഒരുക്കിയിരുന്നു. രോഗവ്യാപന വഴികളെക്കുറിച്ചും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വ്യക്തമായ അറിവു നൽകുന്നതായിരുന്നു ഈ പ്രദർശനം.

**എൻ.സി.ഡി. അവയർനസ് ദിനാചരണം**

നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) അവയർനസ് ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ ഡിസംബർ എട്ടിനു ദിനാചരണം സംഘടിപ്പിച്ചു. 'നിശബ്ദ കൊലയാളികൾ ഇനി നിശബ്ദരല്ല' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ബോധവത്കരണം നൽകിയത്.

ഹൃദ്രോഗം, പക്ഷാഘാതം, പ്രമേഹം, കാൻസർ, വിട്ടുമാറാത്ത ശ്വാസകോശ-വൃക്ക രോഗങ്ങൾ എന്നിവ കുടുംബങ്ങളെ നിശബ്ദമായി ബാധിക്കുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്നും, വ്യായാമം ചെയ്യുക, നേരത്തെ പരിശോധിക്കുക, രോഗം തടയുക എന്നതാണ് ഇതിനുള്ള പരിഹാരമെന്നും ഓർമ്മിപ്പിച്ചു. പ്രതിരോധ ചികിത്സ പ്രോത്സാഹിപ്പിക്കുക, കൃത്യമായ ഇടവേളകളിൽ ചെക്കപ്പുകൾ നടത്തുക, വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ ദിനം ആചരിച്ചത്. ബോധവത്കരണമാണ് ആദ്യപടിയെന്നും, പ്രാവർത്തികമാണ് അടുത്തഘട്ടമെന്നും സന്ദേശം നൽകി.

**ആഘോഷപ്പൊലിമയിൽ ക്രിസ്മസ് – ജൂബിലി സമാപനാഘോഷങ്ങൾ**

ആശുപത്രിയിൽ ഈ വർഷത്തെ ക്രിസ്മസ് ആഘോഷങ്ങൾ വിപുലമായ പരിപാടികളോടെ ഡിസംബർ 14നു സംഘടിപ്പിച്ചു. ആഘോഷത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് ആശുപത്രി മാനേജുമെന്റ് പരിപാടി ക്രമീകരിച്ചത്.

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ആശുപത്രിയുടെ

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽ ദാനം അദ്ദേഹം നിർവഹിച്ചു. പ്രാർഥനയുടെ ശക്തിയെക്കുറിച്ചും ലോകത്തിൽ ഏറ്റവും കൂടുതൽ പ്രാർഥനകൾ ഉയരുന്നത് ദേവാലയങ്ങളേക്കാൾ കൂടുതൽ ആശുപത്രികളിൽ നിന്നാണെന്നും അദ്ദേഹം തന്റെ ക്രിസ്മസ് സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

ആശുപത്രി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസിസ്റ്റന്റ് എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഫാ. ചാക്കോ ഇടമുറിയിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ആഘോഷങ്ങൾക്കു മാറ്റുകൂട്ടിക്കൊണ്ട് ആശുപത്രിയുടെ നേതൃത്വത്തിൽ ആകർഷകമായ മ്യൂസിക്കൽ പ്രോഗ്രാമും (Musical Event) അരങ്ങേറി. ജീവനക്കാരുടെ കലാവാസന പ്രകടിപ്പിക്കുന്നതിനായി ക്രിസ്മസ് കരോൾ, പരമ്പരാഗതമായ 'ക്രിസ്മസ് ദൂത്' തുടങ്ങിയ വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു.

ജീവനക്കാരുടെ സേവനങ്ങളെ ആദരിക്കുന്നതിനായി വിവിധ വിഭാഗങ്ങളിൽ നിന്നായി തിരഞ്ഞെടുത്തവരെ 'എംപ്ലോയി ഓഫ് ദി മന്ത്' (Employee of the Month) പുരസ്കാരം നൽകി ആദരിച്ചു. കൂടാതെ, ജീവനക്കാർക്കായി നടത്തിയ 'ക്രിസ്മസ് ബംബർ' നറുക്കെടുപ്പും സമ്മാനദാനവും ആവേശകരമായി.

വിഭവസമൃദ്ധമായ ലൈവ് ഫുഡ് ഡിന്നറോട് (Live Food Dinner) കൂടി സമാപിച്ച ആഘോഷപരിപാടികൾ വൻ വിജയമായിരുന്നു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

❑

# പ്രവാസി അപ്പോസ്തലേറ്റ്

പ്രിയ പ്രവാസി സഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിൽ നിന്നും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദൈവകൃപയുടെയും പുതുവത്സരാശംസകൾ ഏറെ സ്നേഹത്തോടെ നേരുന്നു.

നവംബർ 29നു ദുബായ് സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന സീറോമലബാർ ഡേ ആഘോഷത്തിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പങ്കെടുത്തു. ദുബായ്, ഷാർജ പള്ളികളിൽ അഭി. പിതാവ് പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ദുബായ് പള്ളിയിലെ സീറോമലബാർ സൺഡേസ്കൂൾ അധ്യാപകരെയും കത്തോലിക്കാകോൺഗ്രസ് അംഗങ്ങളെയും അഭി. പിതാവ് കാണുകയും ഹൃദ്യമായ സന്ദേശം നൽകുകയും ചെയ്തു. ഡിസംബർ 2ന് അജ്മാനിലെ റിയൽ വാട്ടർ ഓഡിറ്റോറിയത്തിൽ രാവിലെ 9 മണിക്ക് സമാഗമം എന്ന പേരിൽ യു.എ.ഇ. ചാപ്റ്ററിന്റെ വാർഷികവും കുടുംബസംഗമവും നടത്തപ്പെട്ടു. വാർഷികം ഉദ്ഘാടനം ചെയ്ത അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു സംസാരിച്ചു. ഈ മീറ്റിങ്ങുകളിലെല്ലാം അഭി. പിതാവിനോടൊപ്പം ബഹു. ഡയറക്ടർ അച്ചന്മാരും പങ്കെടുത്തു. സന്ദർശനങ്ങൾ കലാപരിപാടികൾ വിവിധ അവാർഡുകൾ സ്നേഹവിരുന്ന് എന്നിങ്ങനെ അഭി. പിതാവിന്റെ യു.എ.ഇ.യിലെ ആദ്യത്തെ ഔദ്യോഗിക സന്ദർശനം മികവുറ്റതായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ എഴുനൂറോളംപേർ വാർഷികത്തിൽ പങ്കുചേർന്നു.

ക്രിസ്മസിനോടനുബന്ധിച്ച് സെന്റ് ജോസഫ് ഓൺലൈൻ സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ കുട്ടികൾക്കും കുടുംബങ്ങൾക്കുംവേണ്ടി ജിംഗിൾ ബെൽസ് എന്ന പേരിൽ വിവിധ കലാമത്സരങ്ങൾ നടത്തി.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ്
# (AKCC)

### യൂണിറ്റ് രൂപീകരണം

സാമുദായശക്തീകരണവർഷത്തിൽ കത്തോലിക്കാകോൺഗ്രസിന്റെ കൂടുതൽ യൂണിറ്റുകൾ രൂപീകരിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് കൊല്ലം ഫൊറോനയിലെ ഫിൽഗിരി ഇടവകയിൽ നവംബർ 30ന് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, അതിരൂപതാ വൈസ് പ്രസിഡന്റ് ജോർജ്കുട്ടി മുക്കത്ത് എന്നിവർ പരിപാടികൾക്കു നേതൃത്വം നല്കി.

### നേതൃസംഗമം

കത്തോലിക്കാകോൺഗ്രസ് സമിതിയുടെ നേതൃസംഗമം ഡിസംബർ 12നു സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നേതൃസമ്മേളനം ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ഉദ്ഘാടനം ചെയ്തു.

## തുടർ പരിപാടികൾ

### എക്സലൻഷ്യാ സീസൺ 4

കത്തോലിക്കാകോൺഗ്രസ് സമിതിയുടെ നേതൃത്വത്തിൽ തുടർച്ചയായി നാലാം തവണയും സംഘടിപ്പിക്കുന്ന അഭി. മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ് മത്സരം എക്സലൻഷ്യ സീസൺ 4ന്റെ മേഖലാതല മത്സരങ്ങൾ ജനുവരി 17നു നാലുമേഖലകളിലായി നടക്കും. അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നുള്ള യു.പി., ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിലെ വിദ്യാർഥികൾ മത്സരത്തിൽ പങ്കെടുക്കും.

### ഗ്രേസ്ഫുൾ ജേർണി

കത്തോലിക്കാകോൺഗ്രസ് സമിതിയുടെ നേതൃത്വത്തിൽ തുടർച്ചയായി രണ്ടാം തവണയും സംഘടിപ്പിക്കുന്ന ഗ്രേസ്ഫുൾ ജേർണി ജനുവരി 3നു നടക്കും. വിവിധ ദേവാലയങ്ങൾ ഈ യാത്രയുടെ ഭാഗമായി സന്ദർശിക്കും.

### ജനപ്രതിനിധി സംഗമം

തദ്ദേശ സ്വയംഭരണസ്ഥാപന തെരഞ്ഞെടുപ്പിൽ വിജയിച്ച അതിരൂപതാംഗങ്ങളായ ജനപ്രതിനിധികളെ സമിതിയുടെ നേതൃത്വത്തിൽ ജനുവരി 23 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സന്ദേശനിലയത്തിൽ വച്ച് ആദരിക്കും. പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യും.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

# കേരള ലേബർ മൂവുമെന്റ്
# (KLM)

### തയ്യൽ അദാലത്ത്

കോട്ടയം ജില്ലാ തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ പുതുക്കൽ നവംബർ 28നു കെ.എൽ.എം. അതിരൂപത ഓഫീസിൽ നടത്തപ്പെട്ടു. കോട്ടയം ജില്ലാ ഓഫീസ് അംഗം മഞ്ചു പി. പിള്ള പുതുക്കൽ നടപടികൾക്ക് നേതൃത്വം കൊടുത്തു. കെ.എൽ.എം. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ സ്വാഗതവും ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. നന്ദിയും അർപ്പിച്ചു. 49 പേർ പുതുക്കൽ പൂർത്തീകരിച്ചു. അതിരൂപതാ സമിതിയംഗങ്ങളായ റോസമ്മ കെ. റ്റി., സെലിൻ ഗോമസ് എന്നിവർ പങ്കെടുത്തു.

### ഉപവാസ ദിനം

ജൂബിലി വർഷത്തോടനുബന്ധിച്ച് യൂണിറ്റുകളിലും സംഘങ്ങളിലും ഡിസംബർ 19 കെ.എൽ.എം. അംഗങ്ങൾ ഉപവാസദിനമായി ആചരിച്ചു.

### പുതിയ സംഘം

ഡിസംബർ 19നു തൃക്കൊടിത്താനം പായിപ്പാട് യൂണിറ്റിൽ സെന്റ് മേരീസ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ ചാമക്കാല അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, തൃക്കൊടിത്താനം ഫൊറോന ട്രഷറർ കുഞ്ഞുമോൻ പി. ജെ., യൂണിറ്റ് കോഡിനേറ്റർ സുനിൽ ജോസ് എന്നിവർ പങ്കെടുത്തു.

### യൂണിറ്റ് സന്ദർശനം

**സന്ദർശനം പൂർത്തിയായ യൂണിറ്റുകൾ**

| | |
|---|---|
| തുരുത്തി ഫൊറോന | - കാവാലം നോർത്ത് |
| തൃക്കൊടിത്താനം ഫൊറോന | - കൊടിനാട്ടുകുന്ന്, കുന്നന്താനം |
| കുടമാളൂർ ഫൊറോന | - പാറമ്പുഴ |

### ആദരാഞ്ജലികൾ

പായിപ്പാട് ലൂർദ്ദ് മാതാ സംഘാംഗം സുനിൽ ദേവസ്യ അച്ചോത്തിൽ, കാവാലം സെന്റ് സെബാസ്റ്റ്യൻ സംഘാംഗം തോമസുകുട്ടി സേവ്യർ വാലയിൽ, കോട്ടയ്ക്കപ്പുറം സെന്റ് ജൂഡ് സംഘാംഗം ജോസഫ് നെടുംകറ്റയിൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

❑

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

കെ.സി.ബി.സി./എസ്.സി.എസ്.റ്റി./ബി.സി. കമ്മീഷൻ സർക്കുലർ പ്രകാരം ഡി.സി.എം.എസ്. സംഘടനയുടെ നിലവിലുള്ള യൂണിറ്റ്, ഫൊറോന, അതിരൂപതാകമ്മറ്റികളുടെ കാലാവധിയവസാനിച്ചു. ടി സർക്കുലർപ്രകാരം മേല്പറഞ്ഞ തലങ്ങളിൽ പുതിയ ഭരണസമിതികൾ 2026 മാർച്ച് 3നു മുൻപായി നിലവിൽ വരേണ്ടതാണ്, ആയതിനാൽ കെ.സി.ബി.സി. അംഗീകരിച്ചു പരിഷ്കരിച്ച നിയമാവലിയുടെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിലും ഡിസംബർ 21 മുതൽ തെരഞ്ഞെടുപ്പു നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇതോടൊപ്പം യൂണിറ്റുകളിൽ ഡി.സി.വി.എസ്. (വനിതാസംഘം), ഡി.സി.വൈ.എൽ. (യുവജന വിഭാഗം) സമതിയിലേക്ക് 5 പ്രതിനിധികളെ വീതം തിരഞ്ഞെടുക്കേണ്ടതാണ്. വിശദമായ തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | യൂണിറ്റ് | ഫൊറോന |
|---|---|---|
| ജനുവരി 4 2026 | പുളിങ്കുന്ന് സെന്റ് മേരീസ് യൂണിറ്റ്, കായൽപ്പുറം സെന്റ് ആന്റണീസ്, പുന്നക്കുന്നം സെന്റ് ജോസഫ്, കാവാലം സെന്റ് തെരേസാസ്, കണ്ണാടി സെന്റ് റീത്താസ്, മണലാടി സെന്റ് മേരീസ്, കാവാലം ലിസ്യു, കോട്ടയം സെന്റ് ആന്റണീസ് പുമ്മറ്റം, അസംപ്ഷൻ ഇരവിനല്ലൂർ | |
| ജനുവരി 11 2026 | സെന്റ് ജോൺസ് നെടുങ്കുന്നം യൂണിറ്റ്, ഫാത്തിമ മാതാ നെടുമണ്ണി, സെന്റ് ജോസഫ് ആശ്രമ ദേവാലയം മാന്നാനം, ഹോളി ഫാമിലി കൈപ്പുഴ, വില്ലൂന്നി യൂണിറ്റ്, ഐക്കരച്ചിറ യൂണിറ്റ്, ചെറുപുഷ്പം ആർപ്പുക്കര | |
| ജനുവരി 18 2026 | സെന്റ് മേരീസ് അതിരമ്പുഴ, നാല്പാത്തിമല യൂണിറ്റ്, ലിസ്യു അതിരമ്പുഴ, മണ്ണാർകുന്ന് യൂണിറ്റ്, ലൂർദ്ദ് മാതാ അരുവിക്കുഴി, സെന്റ് സെബാസ്റ്റ്യൻ അയർക്കുന്നം, സെന്റ് മേരീസ് കൂത്രപ്പള്ളി | അതിരമ്പുഴ കുടമാളൂർ, 3 pm |
| ജനുവരി 25 2026 | ചങ്ങനാശ്ശേരി കത്തീഡ്രൽ, പറാൽ സെന്റ് ആന്റണീസ്, ചെത്തിപ്പുഴ ഹോളി ഫാമിലി ചങ്ങനാശ്ശേരി ഫൊറോന, ചീരംചിറ സെന്റ് ജോർജ്, കുറുമ്പനാടം സെന്റ് ആന്റണീസ്, അസംപ്ഷൻ കുറുമ്പനാടം, മാന്നില ഹോളി ഫാമിലി, ചമ്പക്കുളം ബസലിക്കാ, നെടുമുടി നസ്രത്ത്, കൊടുപ്പുന്ന | കുറുമ്പനാടം കോട്ടയം 11 am നെടുങ്കുന്നം ചങ്ങനാശ്ശേരി 3 pm |
| ഫെബ്രുവരി 1 | | പുളിങ്കുന്ന് ചമ്പക്കുളം 3 pm |
| ഫെബ്രുവരി 8 | അതിരൂപതാ തെരഞ്ഞെടുപ്പ് കൗൺസിൽ 1.30 pm | |

1. 2025 ഡിസംബർ 21 മുതൽ സംയുക്ത വാർഷികകൗൺസിൽ (ഡി.സി.എം.എസ്., ഡി.സി.വി.എസ്., ഡി.സി.വൈ.എൽ.) പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.
2. പുതുക്കിയതും പുതിയ അംഗങ്ങളെ ചേർത്തതുമായ (15 വയസ്സു മുതൽ) മെമ്പർഷിപ്പു ഫോമുകൾ 10 രൂപാ (1 അംഗത്തിന്)ഫീസോടുകൂടി അതിരൂപതാ കമ്മറ്റി ഓഫീസിൽ നിർബന്ധമായും എത്തിക്കേണ്ടതാണ്. സമയക്രമം കൃത്യമായി പാലിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുന്നതിന് (അതിരൂപതാ കമ്മറ്റിയെ അറിയിച്ച്) നിലവിലുള്ള ഫൊറോന, യൂണിറ്റ്, അതിരൂപതാ ഭാരവാഹികളുടേയും സഹായസഹകരണം കൃത്യമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.
3. യൂണിറ്റ്, ഫൊറോന ഭാരവാഹികൾക്കും, കൗൺസിൽ അംഗങ്ങൾക്കും, ഡി.സി.എം.എസ്. കുടുംബാംഗങ്ങൾക്കും അതിരൂപതാ കമ്മറ്റിയിൽ നിന്നുമുള്ള ക്രിസ്തുമസ്സ് പുതുവത്സരാശംസകൾ നേർന്നു കൊള്ളുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളേ,

**പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 117-ാമത് ചരമവാർഷികാചരണം**

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 117-ാമത് ചരമവാർഷികാചരണം എടത്വാ സെന്റ് ജോർജ് ഫൊറോനാപള്ളിയിൽ നടന്നു. പച്ച, തായങ്കരി എന്നീ കേന്ദ്രങ്ങളിൽനിന്നു തൊമ്മച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കബറിടത്തിങ്കലേക്കു നടന്ന തീർഥാടനപദയാത്രയിൽ നൂറുകണക്കിനു വിശ്വാസികളാണ് പങ്കുചേർന്നത്. എടത്വാ, കുട്ടനാട്, കുറുമ്പനാടം, വാഴപ്പള്ളി റീജണുകളിൽ നിന്നു വി. ഫ്രാൻസിസിന്റെയും ദൈവദാസൻ തൊമ്മച്ചന്റെയും ജീവിതത്തിലെ അവിസ്മരണീയ സംഭവങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള ടാബ്ലോ പ്രദർശനത്തോടെയാണ് പദയാത്ര നടന്നത്. പദയാത്ര കബറിടത്തിൽ എത്തിയശേഷം പള്ളി വികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ സന്ദേശം നൽകി. തുടർന്ന് ആർച്ചുബിഷപ് എമെരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം വി. കുർബാനയർപ്പിച്ചു. എസ്.എഫ്.ഒ. സീറോ മലബാർ ഏരിയാ കോ-ഓർഡിനേറ്റർ ഫാ. മൈക്കിൾ പറൂശ്ശേരിൽ, നാമകരണ നടപടി വൈസ് പോസ്റ്റുലേറ്റർ ഫാ. ടോം ആര്യങ്കാല, ഫാ. ആന്റണി വെച്ചൂർ, ഫാ. വർഗീസ് വാഴയിൽ, ഫാ. റോജോ പുരയിടത്തിൽ എന്നിവർ സഹകാർമ്മികരായി. തുടർന്ന് കബറിടത്തിൽ ഒപ്പീസും നാമകരണ പ്രാർഥനയും നടന്നു. പ്രാർഥനയ്ക്കുശേഷം നേർച്ചഭക്ഷണവിതരണം നടത്തി.

ചങ്ങനാശ്ശേരിക്കു പുറമേ കേരളത്തിലെ വിവിധ രൂപതകളായ കോട്ടയം, പാലാ, തൃശ്ശൂർ, കോതമംഗലം, കാഞ്ഞിരപ്പള്ളി, ഇരിങ്ങാലക്കുട, എറണാകുളം, അങ്കമാലി, ഇടുക്കി രൂപതകളിൽനിന്നുള്ള എസ്.എഫ്.ഒ. അംഗങ്ങളും വിശ്വാസികളും തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. ഒക്ടോബർ 24 മുതൽ നവംബർ 1 വരെ നടന്ന തിരുക്കർമ്മങ്ങൾക്കും നേർച്ചഭക്ഷണവിതരണത്തിനും മറ്റു ക്രമീകരണങ്ങൾക്കും നാമകരണനടപടികൾക്കും ഫാ. ടോം ആര്യങ്കാല, ഫാ. കുര്യൻ പുത്തൻപുര, ഫാ. തോമസ് കുളത്തുങ്കൽ, ഫാ. സനൂപ് മുത്തുമ്മാക്കുഴിയിൽ, സാബു കരിക്കംപള്ളി, ആന്റപ്പൻ ആട്ടോക്കാരൻ, അലക്സ് വലിയപറമ്പിൽ, പ്രമോദ് ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സ്വർഗപ്രാപ്തി**

എടത്വാ കേളമംഗലം സെന്റ് മേരീസ് ഭ്രാതൃത്വാംഗം സഹോദരി ചെട്ടുതറ അന്നമ്മ ഫിലിപ്പ് നിര്യാതയായി. സഹോദരിയുടെ ആത്മശാന്തിക്കായി നമുക്കു പ്രാർഥിക്കാം.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിച്വൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
# (SSVP)

*നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ,*
*ഞാൻ വീണ്ടും പറയുന്നു നിങ്ങൾ സന്തോഷിക്കുവിൻ* (ഫിലിപ്പി 4:4).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ഒരു പുതിയ വർഷത്തിലേക്കു നാം കടന്നിരിക്കുകയാണല്ലോ. പുതുവർഷം സന്തോഷം നിറഞ്ഞതാവണമെന്ന് നാമൊക്കെയും ആഗ്രഹിക്കുകയും ചെയ്യുന്നു. ആവേശത്തോടെ, പുതുവർഷത്തെ എതിരേല്ക്കുമ്പോഴും ആശങ്കകൾ നമ്മെ അസ്വസ്ഥരാക്കുന്നു എന്നതാണ് യാഥാർഥ്യം. അനന്തമായി നീളുന്നതും സംഭവിക്കുമെന്നു പ്രവചിക്കപ്പെടുന്നതുമായ യുദ്ധങ്ങളും ലോകവ്യാപകമായി വർദ്ധിച്ചുവരുന്ന ഭീകരാക്രമണങ്ങളും വംശഹത്യകളും പ്രകൃതിദുരന്തങ്ങളും മഹാമാരികളുമൊക്കെ മൂലം ഉണ്ടാകാവുന്ന ദുരന്തങ്ങളുടെ വ്യാപ്തി വളരെ വലുതാണ്. 'താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു' (ഉൽപത്തി 1:31). എല്ലാം നല്ലതായ ഭൂമിയിലേക്കാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കുന്നത്. ദൈവം നമ്മെ എല്ലാവരെയും സ്നേഹിക്കുന്നു എന്നതാണല്ലോ സുവിശേഷം. 'എല്ലാറ്റിനെയും അങ്ങു സ്നേഹിക്കുന്നു, അങ്ങു സൃഷ്ടിച്ച ഒന്നിനെയും അങ്ങു ദ്വേഷിക്കുന്നില്ല' (ജ്ഞാനം 11:24). പ്രകൃതിയും ജീവജാലങ്ങളുമെല്ലാം ഈ സ്നേഹസുവിശേഷത്തിന്റെ പരിഗണനയിൽ ഉൾപ്പെടുന്നു. സുവിശേഷത്തെ ഉൾക്കൊള്ളാതെ വരുമ്പോൾ മനുഷ്യൻ മനുഷ്യനെയും പ്രകൃതിയെയും ചൂഷണം ചെയ്യാനും, നശിപ്പിക്കാനും തയ്യാറാവുന്നു. പ്രകൃതി അതിന്റെ ഉത്തരവാദിത്തങ്ങൾ ക്രമമായും ഭംഗിയായും നിർവഹിക്കുന്നു. സൂര്യനും ഗ്രഹങ്ങളും നക്ഷത്രങ്ങളും കാലാവസ്ഥയുമൊക്കെ നിശ്ചയിക്കപ്പെട്ട പ്രവൃത്തികൾ കൃത്യമായി ചെയ്യുന്നു. പ്രശ്നം മനുഷ്യന്റേതാണ്. മനുഷ്യന്റെ ചായ്‌വ് കൂടുതലായി തിന്മയിലേക്കു മാറുന്നു എന്നതാണ് വർദ്ധിച്ചുവരുന്ന ദുരന്തങ്ങളുടെ പ്രധാന കാരണം. കഴിഞ്ഞൊരുവർഷം കണ്ട ഒരു വാട്സ്ആപ്പ് സന്ദേശം ഇപ്രകാരമായിരുന്നു 'കഴിഞ്ഞ വർഷം ഞാൻ നിങ്ങളെ ബുദ്ധിമുട്ടിച്ചിട്ടുണ്ടെങ്കിൽ, വിഷമിപ്പിച്ചിട്ടുണ്ടെങ്കിൽ ഈ വർഷവും അതുതന്നെ പ്രതീക്ഷിക്കുക. കാരണം, കലണ്ടറിലെ പേജുകൾ മാത്രമേ മാറിയിട്ടുള്ളു, ഞാൻ മാറിയിട്ടില്ല.' നമ്മുടെയൊക്കെ അവസ്ഥ ഇതുതന്നെയാണ്. തിരുത്താനും നന്മയിലേക്കു മാറാനും നമുക്കു പ്രയാസമാണ്. 'മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെയാകുവിൻ' (മത്താ. 18:3) എന്നാണ് ക്രിസ്തുനാഥൻ നമ്മെ ആഹ്വാനം ചെയ്യുന്നത്. നാം മാറ്റത്തിനു വിധേയരാവണമെന്ന് സൃഷ്ടാവ് ആഗ്രഹിക്കുന്നു. 'നാം ദൈവത്തിന്റെ കരവേലയാണ്, നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്' (എഫേ. 2:10). ഈ സത്പ്രവൃത്തികൾ ഒക്കെയും സന്തോഷത്തോടെ ചെയ്യുവാൻ നമുക്കു സാധിക്കണം. ദൈവികമായ സന്ദേശങ്ങൾക്കനുസൃതം ജീവിച്ച്, യേശുവിനു

ശുശ്രൂഷചെയ്ത് വി. യൗസേപ്പ് പിതാവും പരിശുദ്ധ മറിയവും അനുഭവിച്ച സന്തോഷം നമുക്കും സ്വന്തമാക്കാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.

2026 മെയ് 17 ഞായറാഴ്ച തൃക്കൊടിത്താനത്താണ് നമ്മുടെ അടുത്ത സെൻട്രൽ കൗൺസിൽ വാർഷികം. വരുംവർഷങ്ങളിൽ മെയ്മാസത്തിലെ മൂന്നാം ഞായറാഴ്ചകളിൽ ആവും സി.സി. യുടെ വാർഷികങ്ങൾ നടക്കുക.

നമ്മുടെ സി.സി. യുടെ ആഭിമുഖ്യത്തിലുള്ള വനിതാ സെമിനാർ നവം. 22 ശനിയാഴ്ച നെടുങ്കുന്നം സഞ്ജീവനിയിൽ നടത്തപ്പെട്ടു. വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഷിജി ജോൺസൺ മുഖ്യപ്രഭാഷണം നടത്തി. ഫാ. മാത്യു ചൂരവടി, ഫാ. ആന്റണി കാച്ചാംകോട് എന്നിവരും ക്ലാസ്സുകൾ നയിച്ചു. ഈ അവസരത്തിൽ നമ്മുടെ പുല്ലങ്ങടി കോൺഫറൻസിന്റെ മുൻ സെക്രട്ടറി കൂടിയായ ബഹു. ചൂരവടിയച്ചൻ പങ്കുവച്ച ഒരു പ്രധാന ചിന്ത നിങ്ങളുടെ ചർച്ചയ്ക്കും നിർദേശത്തിനുമായി സമർപ്പിക്കുന്നു. ഈശോയുടെ മരണ-ഉത്ഥാനങ്ങളുടെ മഹാജൂബിലി വർഷമായ 2033ലാണ് നമ്മുടെ സൊസൈറ്റിയുടെ സ്ഥാപനത്തിന്റെ 200-ാം വാർഷികം ആഘോഷിക്കുന്നത്. ഈ അവസരം സ്മരണീയമാക്കാനുള്ള ഒരു കർമ്മപദ്ധതി നാം ആസൂത്രണം ചെയ്യണം. 2029 നമ്മുടെ സെൻട്രൽ കൗൺസിലിന്റെ പ്ലാറ്റിനം ജൂബിലിയുടെ വർഷമാണ്. ഈ അവസരങ്ങളൊക്കെയും സൊസൈറ്റിയുടെ വളർച്ചയ്ക്കും, സമൂഹത്തിന്റെ നന്മയ്ക്കും ഉപകാരപ്രദമാകുന്ന നല്ല പദ്ധതികൾ ആലോചിച്ച് അറിയിക്കുവാൻ അഭ്യർഥിക്കുന്നു.

നമ്മുടെ സെൻട്രൽ കൗൺസിൽ പുതിയ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യുന്നതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. ബാക്കി കാര്യങ്ങൾ പുരോഗമിച്ചുവരുന്നു. റിക്കാർഡുകളും കണക്കുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധവക്കുമല്ലോ. കൂടുതൽ കാര്യങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

നമ്മുടെ VOC കോഴ്സിന്റെ മൂന്നാംബാച്ച് 2026 ജനുവരി 26ന് ആരംഭിക്കുകയാണ്. ഈ അവസരം പ്രയോജനപ്പെടുത്തുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

❑

# കരിസ്മാറ്റിക് നവീകരണം

ഈ ''ആത്മീയ നവീകരണം'' സഭയ്ക്കും ലോകത്തിനും ഒരു വലിയ അവസരമാണ്. അത് കൊണ്ട് തന്നെ, അത് നിലനിൽക്കാനും വളരാനും വേണ്ട എല്ലാ ശ്രമങ്ങളും നമ്മൾ നടത്തേണ്ടതാണ്.

ദൈവത്തിൽ നിന്ന് കൂടുതൽ അകന്ന് പൊയ്ക്കൊണ്ടിരിക്കുന്ന ഒരു ലോകമാണ് ഇന്നുള്ളത്. അത്തരമൊരു ലോകത്തിന്, പരിശുദ്ധാത്മാവ് ഇന്ന് വിവിധ സ്ഥലങ്ങളിലും വ്യത്യസ്ത സാഹചര്യങ്ങളിലും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഈ ആത്മീയ നവീകരണത്തിന്റെ സാക്ഷ്യം വളരെ ആവശ്യമുണ്ട്.

ഈ നവീകരണത്തിന്റെ പ്രകാശനങ്ങൾ പല രീതിയിൽ നമുക്ക് വെളിപ്പെടുന്നുണ്ട്. ഹൃദയങ്ങൾ തമ്മിലുള്ള ആഴത്തിലുള്ള ഐക്യം, ജ്ഞാനസ്നാന വാഗ്ദാനങ്ങളോടുള്ള വിശ്വസ്തത വഴി ദൈവവുമായുണ്ടാകുന്ന ഗാഢ ബന്ധം, വ്യക്തിപരമായ ദൈവാനുഭവങ്ങളിലേക്കും അതുവഴി ആത്മീയ വളർച്ചക്കു കൂടി ഉതകുന്ന സമൂഹ പ്രാർത്ഥനകൾ..., ഇവയൊക്കെ ഉളവാകുന്നത്, വിശ്വാസ പ്രബോധനങ്ങളിൽ നിന്നെന്ന പോലെ തന്നെ, ദൃഢമായ ജീവിതാനുഭവങ്ങളിൽ നിന്നു കൂടിയാണ്. ''ദൈവമില്ലാതെ മനുഷ്യന് ഒന്നും ചെയ്യാനാവില്ല എന്നും, മറിച്ച് ദൈവത്തോടൊപ്പം എല്ലാം സാധ്യമാണെന്നും ഉള്ള അനുഭവത്തിൽ നിന്നാണത്.''

Address of Pope Paul VI to the Catholic Charismatic Renewal on occasion of the Second International Leaders' Conference, Rome, Italy · 19 May 1975

### സർവീസ് ടീം മീറ്റിങ്

നവംബർ മാസത്തെ സർവീസ് ടീം മീറ്റിങ് പാസ്റ്ററൽ സെന്റർ ഓഫീസിൽ ആനിമേറ്റർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു. നവംബർ പതിനഞ്ചാം തിയതി ഉച്ചയ്ക്ക് 2.30 മുതൽ ആണ് മീറ്റിങ് നടന്നത്. കരിസ്മാറ്റിക് നവീകരണത്തിന്റെയും ക്രിസ്തു ജയന്തിയുടെയും ജൂബിലിയുമായി ബന്ധപ്പെട്ടു തുടർന്ന് വരുന്ന വിവിധ പരിപാടികളുടെ പുരോഗതി വിലയിരുത്തുകയുണ്ടായി.

### ലോഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം ഒക്ടോബർ 28നു ആനിമേറ്റർ റവ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ കുറുമ്പനാടം ഇടവകയിലുള്ള ജോണിച്ചൻ ബെറ്റി ദമ്പതികളുടെ ഭവനത്തിൽ വച്ച് ചേരുകയുണ്ടായി. ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കൽ വചനസന്ദേശം നൽകി. പുതിയ ദമ്പതീ സെൽ ഗ്രൂപ്പുകൾ തുടങ്ങേണ്ട ആവശ്യത്തെക്കുറിച്ച് അച്ചൻ ഓർമിപ്പിച്ചു. അടുത്ത മീറ്റിങ് പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ച് നടത്താമെന്ന് തീരുമാനിച്ചു.

### നൈറ്റ് വിജിൽ: മോർക്കുളങ്ങര ആരാധനാ മഠ ചാപ്പലിൽ:

ഡിസംബർ ഒന്ന്, രണ്ട് തീയതികളിൽ സെന്റ് മാത്യൂസ് കോൺവന്റ് (AKM സ്കൂൾ, മോർക്കുളങ്ങര) ൽ നടന്ന നാൽപത് മണി ആരാധനയിൽ ചങ്ങനാ

ശേരി സോണിൽ നിന്നും നിരവധി ആളുകൾ പങ്കെടുത്തു. ഒന്നാം തീയതി വൈകുന്നേരം ഒമ്പതര മുതൽ രാവിലെ അഞ്ചര വരെ ആണ് നൈറ്റ് വിജിൽ നടന്നത്. സോണൽ ആനിമേറ്റർ ഫാ. മാത്യു താന്നിയത്ത് നേതൃത്വം നല്കി.

**കരിസ്മാറ്റിക് ജൂബിലി/ കൃപാഭിഷേക കൺവെൻഷൻ:**

കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകർ കേരള സഭയിൽ എത്തിയിട്ട് ഈ 2026 ൽ 50 വർഷം തികയുകയാണ്. ഇതിനോട് അനുബന്ധമായി അണക്കര ധ്യാന കേന്ദ്രം ഡയറക്ടർ ബഹു. ഫാ. ഡോമിനിക് വാളംമണാലിന്റെ നേതൃത്വത്തിൽ കൃപാഭിഷേക കൺവൻഷൻ നടത്തുന്നതുമായുള്ള കൂടിയാലോചനകൾ നടന്നു വരുന്നു.

**ക്രിസ്റ്റീൻ നേതൃത്വ പരിശീലനം നവംബർ 29 ന്**

നവംബർ 29-ന് പാസ്റ്ററൽ സെന്ററിൽ പേരന്റ്സ്, വേദപാഠ അധ്യാപകർ, റ്റീനേജ് കുട്ടികളുടെ ആത്മീയ ഉന്നമനത്തിൽ താൽപര്യമുള്ള മറ്റു വ്യക്തികൾ എന്നിവർക്കായി പരിശീലന പരിപാടി നടന്നു. രാവിലെ 9.30 മുതൽ വൈകിട്ട് നാലുവരെ ആണ് പ്രോഗ്രാം നടന്നത്. കരിസ്മാറ്റിക് നവീകരണം കേന്ദ്ര കാര്യാലയത്തിൽ നിന്നുള്ള ടീം ആണ് സെമിനാർ നയിച്ചത്.

**വരദാന വളർച്ചാ കൺവെൻഷൻ കൊടിനാട്ടുകുന്ന് പള്ളിയിൽ**

ഡിസംബർ പതിമൂന്നാം തീയതി രാവിലെ ഒമ്പതര മുതൽ കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വരദാനങ്ങളെക്കുറിച്ച് സെമിനാർ നടന്നു. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ബ്ര. സാബു ഗുരുവായൂർ ആണ് സെമിനാർ നയിച്ചത്. വികാരി റവ. ഡോ. ജോസഫ് മുണ്ടകത്തിൽ, ആനിമേറ്റർ ഫാ. മാത്യു താന്നിയത്ത് എന്നിവർ സന്ദേശം നൽകി.

**സമ്പൂർണ്ണ ബൈബിൾ പാരായണ യജ്ഞം:**

കാരിസ് നവീകരണ ശുശ്രൂഷകളുടെ ജൂബിലി 2026 ന് ഒരുക്കമായി ചങ്ങനാശേരി സോണൽ/ അതിരൂപതാതലത്തിൽ സമ്പൂർണ്ണ ബൈബിൾ പാരായണ യജ്ഞം സംഘടിപ്പിക്കുന്നു. ജനുവരി മാസം അഞ്ചാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമുതൽ നാലുവരെ ഉള്ള രണ്ടുമണിക്കൂർ സമയംകൊണ്ട് 100 പേർ ഉൾക്കൊള്ളുന്ന ഒരു സമൂഹം സമ്പൂർണ്ണമായി തിരുവചനം വായിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയുടെ കബറിട ദേവാലയത്തിലാണ് പ്രസ്തുത വചനവായനാ യജ്ഞം ക്രമീകരിച്ചിരിക്കുന്നത്. മുൻകൂട്ടി പേര് നൽകുന്ന 100 പേർക്കാണ് ഇതിനുള്ള അവസരം ലഭിക്കുക.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

❑

## മാർ തോമസ് തറയിൽ

**നവംബർ**

26 ഇത്തിത്താനം ആയൂഷ്യ ഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന ബഹു. ഡീക്കന്മാരുടെ മാതാപിതാക്കളുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ക്ലാസ്സ് നയിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഇടവകാംഗം പുളിക്കൽ അന്നമ്മ മാത്യുവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. മുടിയൂർക്കര ഇടവകാംഗം മുകളേൽ ബഹു. ജോസ് അച്ചന്റെ സഹോദരൻ ശ്രീ. ജോർജ്ജ് കെ. സി. യുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. കൈനടി വ്യാകുലമാതാ ദൈവാലയത്തിൽ കുറശ്ശേരി ബഹു. ജേക്കബ് അച്ചന്റെ മാതാവ് ശ്രീമതി റോസമ്മ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്യാസ ഡീക്കന്മാരുടെ മാതാപിതാക്കളുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ ഈശോയുടെ മനുഷ്യാവതാര ജൂബിലി കവാടം ആശീർവദിച്ചു.

28-ഡിസംബർ 02 ദുബായ് സെന്റ് മേരീസ് പള്ളിയിൽ സീറോ മലബാർ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളുടെ കൂട്ടായ്മയിൽ പങ്കെടുക്കുകയും ചെയ്തു. ഷാർജ സെന്റ് മൈക്കിൾസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. യു.എ.ഇ.യിലെ കത്തോലിക്കാകോൺഗ്രസ് നേതാക്കളുടെ കൂട്ടായ്മയിലും എസ്.ബി.-അസംപ്ഷൻ കോളേജ് പൂർവവിദ്യാർഥിയോഗത്തിലും ബിസിനസുകാരുടെ സംഗമത്തിലും അധ്യക്ഷത വഹിച്ചു.

**ഡിസംബർ**

03 എടത്വ സെന്റ് ജോർജ് ഫൊറോന ഇടവകാംഗം എഴുന്നൂറ്റിയിൽ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ പിതാവ് ശ്രീ. ജോസഫ് മാത്യുവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ഔദ്യോഗിക സന്ദർശനം നടത്തി. കോട്ടയം ദേവലോകം അരമനയിൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ സുവർണ്ണ ജൂബിലിയിൽ അനുസ്മരണ പ്രഭാഷണം നടത്തി.

04 അതിരൂപതാകേന്ദ്രത്തിൽ ഈശോയുടെ മനുഷ്യാവതാര യാത്രയുടെ പോസ്റ്റർ പ്രകാശനം ചെയ്തു. ചങ്ങനാശ്ശേരി എ.കെ.എം. പബ്ലിക് സ്കൂളിന്റെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുകയും യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ചേപ്പുംപാറ മർത്ത് മറിയം ദൈവാലയത്തിന്റെ കപ്പേളയും കൽ ക്കുരിശും ആശീർവദിച്ചു.

05 ചങ്ങനാശ്ശേരി എസ്.ബി. ബോർഡിങ്ങിൽ പരിശുദ്ധ കുർബാന അർപ്പിച്ചു ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു. മുഹമ്മ കെ.ഇ. കാർമൽ സ്കൂളിന്റെ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു.

06 ചങ്ങനാശ്ശേരി എസ്.എച്ച്. സ്കൂളിൽ കെ.സി.എസ്.എൽ. അതിരൂപതാ കലോത്സവം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ പ്രതിഭ സംഗമ ക്യാംപ് ഉദ്ഘാടനം ചെയ്ത് കുട്ടികളുമായി സംവദിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ് കാവുകാട്ട് ഹോളിൽ ഭിന്നശേഷി ദിനാചരണം ഉദ്ഘാടനം ചെയ്തു. ചെറിയ വെളിനെല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. അഞ്ചൽ മേരി മാതാ ദേവാലയത്തിൽ സിമിത്തേരി ആശീർവദിച്ചു.

07 കൊല്ലം ആര്യങ്കാവ് സെന്റ് മേരീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. കൊച്ചി രൂപത അധ്യക്ഷൻ മാർ കട്ടിപ്പറ മ്പിൽ ആന്റണി മെത്രാന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

08 പാറേൽ സെന്റ് മേരീസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. കാഞ്ഞിരപ്പള്ളി സി.എം.ഐ. പ്രൊ വിൻഷ്യൽ ഹൗസ് ആശീർവാദത്തോടനുബന്ധിച്ചു കൂടിയ യോഗത്തിൽ അധ്യക്ഷതവഹിച്ചു.

09 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ ഡീക്ക ന്മാരുടെ മാതാപിതാക്കൾക്കായുള്ള ധ്യാനത്തിൽ സന്ദേശം നൽകി.

10 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പബ്ലിക് അഫേഴ്സ് & മീഡിയ കമ്മീഷനുകളുടെ സംയുക്തയോഗത്തിൽ സംബന്ധിച്ചു.

11 നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ കാട്ടൂർ ശ്രീ. കെ. എം. ജോണിന്റെ അറുപതാം ചരമവാർഷികദിനത്തിൽ പരി. കുർബാന അർപ്പിക്കുകയും നെടുങ്കുന്നം ജോൺ ദി ബാപ്റ്റിസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിൽ കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അതിര മ്പുഴ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ സന്യസ്ത സംഗമത്തിൽ സന്ദേശം നൽകി.

12 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി.യിൽ പങ്കെടുത്തു.

13 ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ നിന്നും പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്ക് നടത്തപ്പെട്ട ജൂബിലി തീർത്ഥാടനത്തിൽ പങ്കെടുക്കുകയും പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ചങ്ങനാശ്ശേരി മാർത്തോമാ വിദ്യാനികേതനിൽ നിഖ്യാ വിശ്വാസപ്രമാണത്തിന്റെ 1700-ാം വാർഷികത്തോടനുബന്ധിച്ചു നടത്തിയ എക്യുമെനിക്കൽ സിമ്പോസിയം ഉദ്ഘാടനം ചെയ്തു. സംസ്ഥാനകലോത്സവത്തിൽ വിജയികളായ ചങ്ങനാശ്ശേരി അതിരൂപത എസ്.എം.വൈ.എം. അംഗങ്ങളെ അതിരൂപതാകേന്ദ്രത്തിൽ ആദരിച്ചു. മാർത്തോമ്മാസഭയിലെ കോട്ടയം-കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ തിമോത്തിയോസിന്റെ 75-ാം ജന്മദിനത്തിൽ ആശംസകൾ നേർന്നു.

14 വള്ളംചിറ സെന്റ് മേരീസ് ദേവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് പരി. കുർബാന അർപ്പിക്കുകയും മണിമാളിക വെഞ്ചരിക്കുകയും ചെയ്തു. കുന്നന്താനം സിയോൺ ധ്യാനകേന്ദ്രത്തിൽ വിവാഹ ഒരുക്ക സെമിനാറിൽ സന്ദേശം നൽകി.

15 പാറേൽ ഇടവകാംഗം കൊല്ലമന മേഘ ട്രീസായുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. അതിരമ്പുഴ സെന്റ് മേരിസ് ഇടവകാഗം പാറശ്ശേരിയിൽ ബഹു. ജോസ് അച്ചന്റെ പിതാവ് ശ്രീ. പി. എം. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

16 അതിരമ്പുഴ സെന്റ് മേരിസ് ദേവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ ബൈബിൾ കൺവെൻഷൻ ആലോചനായോഗത്തിൽ അധ്യക്ഷത വഹിച്ചു. എടത്വ ജോർജിയൻ പബ്ലിക് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. നിരണം മാർ തോമാ ശ്ലീഹാ സെമിനാരിയിൽ ക്ലാസ്സ് നയിച്ചു.

17 ചമ്പക്കര സെന്റ് ജോസഫ് ദേവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. റീജൻസി വൈദിക വിദ്യാർഥികളുടെ മാസ ധ്യാനത്തിൽ സന്ദേശം നൽകി. വെരൂർ സെന്റ് ജോസഫ് ദേവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപനയോഗത്തിൽ അധ്യക്ഷത വഹിച്ചു.

18 പാലമറ്റം ബേത് തോമാ സന്യാസ് ഭവനത്തിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. എസ്.എം.വൈ.എം. ഫൊറോനാ ഡയറക്ടേഴ്സ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. അതിരൂപതയിൽ നടത്തപ്പെട്ട മെന്റൽ ഹെൽത്ത് കൗൺസിലേഴ്സ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

19 നെയ്യാറ്റിൻകര പാസ്റ്ററൽ സെൻട്രൽ നടത്തപ്പെട്ട നെയ്യാറ്റിൻകര ബിഷപ്പ് അഭി. മാർ വിൻസൺ സാമുവൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. കിളിമല എസ്.എച്ച്. ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം

നൽകി. ആലപ്പുഴ ഐ.എം.എസ്. ധ്യാനകേന്ദ്രത്തിൽ വചനസന്ദേശം നൽകി.

20 ഇരിങ്ങാലക്കുട രൂപതയിലെ കൽപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കേരളസഭ കുടുംബസംഗമവും അവാർഡ് ദാനവും ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ ജീവകാരുണ്യനിധി ജനറൽ ബോഡി യോഗത്തിൽ അധ്യക്ഷതവഹിച്ചു.

21 മിത്രക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിൽ അജപാലനസന്ദർശനം നടത്തി. എടത്വാ എസ്.എ.ബി.എസ്. മഠത്തിൽ സി. മർസലീനാമ്മ പറപ്പള്ളിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഫൊറോനാ കൗൺസിൽ ഉദ്ഘാടനം ചെയ്തു. ആലപ്പുഴയിൽ എക്യുമെനിക്കൽ ക്രിസ്തുമസ് യാത്രയിൽ സന്ദേശം നൽകുകയും മുഹമ്മയിൽ പാരിഷ് ഹാൾ ആശീർവദിക്കുകയും ചെയ്തു.

22 കോട്ടയത്ത് ദീപികയുടെ കേന്ദ്ര ഓഫീസിൽ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ സംവദിച്ചു. ആലപ്പുഴ പറവൂർ ഐ. എം. എസ്. ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായിരുന്ന ബഹു. പ്രശാന്ത് ഐ. എം. എസ്. അച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

23 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ കാറോയ, മ്ശംമ്ശാന പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സി. റേജിസ് ചിറയിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു. നെടുങ്കുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് കോളേജിന്റെയും ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ചാരിറ്റി വേൾഡിന്റെയും അതിരൂപതാകേന്ദ്രത്തിൽ സ്റ്റാഫിന്റെയും മീഡിയാവില്ലേജിൽ ചാരിറ്റി വേൾഡ് എക്സിക്യൂട്ടിവ് ലീഡേഴ്സിന്റെയും ക്രിസ്തുമസ് ആഘോഷത്തിൽ സന്ദേശം നൽകി.

24 നാലുകോടി സെന്റ് തോമസ് ദൈവാലയത്തിന്റെ പുനർകൂദാശ നിർവഹിക്കുകയും പരി. കുർബാന അർപ്പിക്കുകയും ചെയ്തു. ചെത്തിപ്പുഴ സി.എം.ഐ. ആശ്രമാംഗം പാത്തിക്കൽ ബഹു. ലുദ്വിക് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ സെന്റ് ആൻസ് സ്കൂളിന്റെയും കിടങ്ങറയിൽ സ്നേഹതീരത്തിന്റെയും ക്രിസ്തുമസ് ആഘോഷങ്ങളിൽ സംബന്ധിച്ചു.

25 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പിറവി തിരുനാൾ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. മണിമല ഇൻഫന്റ് ജീസസ് ആശുപത്രി ഉദ്ഘാടനം ചെയ്തു.

26 പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ് ദൈവാലയത്തിൽ ഡീക്കൻ ബഹു. നമ്പിയത്ത് ജിതിന്റെ പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. അയിരൂരിൽ എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷത്തിൽ സന്ദേശം നൽകി.

27 ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ സി. എം. ഐ. സന്യാസ സഭാംഗങ്ങളായ ബഹു. ഡീക്കന്മാരുടെ പട്ടം നൽകൽ ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ ചൂരപ്പുഴ ബഹു. സോണി അച്ചന്റെ പൗരോഹിത്യ സ്വീകരണ രജത ജൂബിലിയി ആഘോഷത്തിൽ ആശംസകളറിയിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നിന്നും എസ്.ബി. കോളേജിലേക്ക് നടത്തിയ ജൂബിലി മനുഷ്യാവതാര യാത്രയിൽ സംബന്ധിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. മുടിയൂർക്കര തിരുകുടുംബ ദൈവാലയത്തിന്റെ ഇടവകദിന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

28 കുറിച്ചി സെന്റ് ജോസഫ് ദൈവാലയത്തിന്റെ ഇടവക ദിനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. അന്തിനാട് സെന്റ് ജോസഫ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സാംസ്കാരികനേതാക്കളുമൊന്നിച്ചു നടത്തിയ ക്രിസ്തുമസ് സംഗമത്തിൽ പങ്കെടുത്തു.

❑

**നവംബർ**

27 ഹോംഡേയോടനുബന്ധിച്ചു സത്ന സെന്റ് എഫ്രേംസ് തിയോളജിക്കൽ കോളേജിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പരിശുദ്ധ കുർബാനയ്ക്കു ശേഷം ഇറ്റാവാ മിഷനിലേക്കു യാത്രതിരിച്ചു. ഇറ്റാവാ ജസ്വന്ത് നഗറിലെ സെന്റ് പീറ്റേഴ്സ് സ്കൂളിൽ എത്തിചേർന്നു.

28 മൈൻപുരി മിഷന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ചു സെന്റ് തോമസ് സ്കൂളിൽ നടത്തപ്പെട്ട ആഘോഷത്തിൽ പങ്കെടുത്തു.

29 രാജസ്ഥാൻ ജയ്പൂർ മിഷനിലേക്ക് അഭി. മാർ തോമസ് പാടിയത്ത് പിതാവിനൊപ്പം യാത്രതിരിച്ചു. ജയ്പൂർ മാനസരോവർ ഹോളി ഫാമിലി പള്ളിയിൽ എത്തിചേർന്നു.

30 രാജസ്ഥാൻ മിഷൻ ആരംഭിച്ചതിന്റെ പത്താം വാർഷികത്തോടനുബന്ധിച്ചു നടത്തപ്പെട്ട മാർതോമ്മാ നസ്രാണിസംഗമത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും ശേഷം മീറ്റിങ്ങിൽ ആശംസകൾ അറിയിക്കുകയും ചെയ്തു.

**ഡിസംബർ 2025**

02 മാനസരോവരിൽ നിന്നു ബിവാടിയിലേക്കു യാത്ര തിരിച്ചു. പീടിയേക്കൽ ബഹു. പോൾ അച്ചനും മുഴിക്കുന്നേൽ ബഹു. ഫിലിപ്പ് അച്ചനും പൂവത്താനം ബഹു. മാത്യു അച്ചനും യാത്രയ്ക്ക് നേതൃത്വം നൽകി. ബിലാസ്പൂർ പ്രഭു യേശുദാം പള്ളി സന്ദർശിച്ചു. ഹരിയാനാ ബവൽ കപ്പുച്ചിൻ നവജോതി ഗുരുകുൽ സെമിനാരി, വിമൽ ഹൃദയ മഠം എന്നിവ സന്ദർശിച്ചു. ബിവാടി സെന്റ് ജോസഫ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ബിവാടി സെന്റ് സേവ്യേഴ്സ് സ്കൂളിൽ വിശ്രമിച്ചു.

03 ഡൽഹിയിലേക്കു യാത്രതിരിച്ചു. ഡൽഹി സെന്റ് മേരീസ് മലങ്കര കത്തീഡ്രൽ പള്ളിയിൽ ഗൂർഗൺ മലങ്കര രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ ജേക്കബ് മാർ ബർണ്ണബാസ് പിതാവിന്റെ കബറിടത്തിങ്കൽ പ്രാർത്ഥിച്ചു.

04 മിഷൻ യാത്ര അവസാനിച്ചു; ഡൽഹിയിൽ നിന്നു തിരിച്ചു ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ എത്തിച്ചേർന്നു.

05 പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

07 പള്ളാത്തുരുത്തി സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; സൺഡേ സ്കൂൾ കുട്ടികളുമായി സമയം ചെലവഴിച്ചു.

08 പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ പ്രധാനതിരുനാൾ ദിനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

09 ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

10 കൂത്രപ്പള്ളി റീത്താഭവനിൽ സി. ആൻസിൻ ജോർജിയ എസ്.എ.ബി.എസ്.ന്റെ മൃതസംസ്കാരത്തിനു ഒന്നാംഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

12 പാറത്തോട് മടുക്കക്കുഴി ആയുർവേദ ആശുപത്രി സന്ദർശിച്ചു. കാഞ്ഞിര പ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ 'ഹെക്മസ്' കൂട്ടായ്മ യിൽ പങ്കെടുത്തു.

13 കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. നിഖ്യാ സൂനഹദോസിന്റെ 17–ാം ശതാബ്ദിയോടനുബ ന്ധിച്ചു മാർത്തോമ്മാ വിദ്യാനികേതന്റെയും അതിരൂപത എക്യൂമെനിക്കൽ കമ്മീഷന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട ദൈവശാസ്ത്ര സിംബോ സിയത്തിൽ നിഖ്യാ സൂനഹദോസ് ചരിത്രപശ്ചാത്തലവും വിശ്വാസപ്രമാണ രൂപീകരണവും എന്ന വിഷയത്തെ ആസ്പദമാക്കി പേപ്പർ അവതരിപ്പിച്ചു.

15 വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നസ്രാണി മാർഗം കോഴ്സ് ഉദ്ഘാടനം ചെയ്തു.

17 പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ തിരുനാളിനു കൊടിയേറ്റുകയും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

18 പൗരോഹിത്യ സ്വീകരണത്തിന്റെ 51–ാം വാർഷികത്തോടനുബന്ധിച്ചു ഫാത്തിമാപുരം സ്നേഹനിവാസിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും കുട്ടികളോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട സീനിയർ സിറ്റിസൺസ് ധ്യാനത്തിൽ വചനസന്ദേശം നൽകി. നിരണം മാർ തോമാ ശ്ലീഹാ സെമിനാ രിയിൽ വൈദികാർഥികൾക്കായി ക്ലാസെടുത്തു.

19 ഇത്തിത്താനം ആശാഭവനിൽ ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് ക്രിസ്മസ് സന്ദേശം നൽകി.

20 ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെയും കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയുടെയും ക്രിസ്മസ് ആഘോഷങ്ങളിൽ ക്രിസ്മസ് സന്ദേശം നൽകി

22 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാ രിയൻസ് ഗാതറിങ്ങിൽ പങ്കെടുത്തു.

23 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ഇടവകാംഗവും പൊന്നാറ്റിൽ ബഹു. ഇമ്മാനുവേൽ അച്ചന്റെ സഹോദരനുമായ ജോർജ്കുട്ടി ജോസ ഫിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമിക ത്വംവഹിച്ചു. പുന്നപ്ര ഐ.എം.എസ്. ധ്യാനകേന്ദ്രത്തിൽ ബഹു. പ്രശാന്ത് ഐ.എം.എസ്.ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. പൊങ്ങ മാർ സ്ലീവാ ഇടവകാംഗം കക്കാട്ടുപറമ്പിൽ അമ്മിണി സെബാസ്റ്റ്യന്റെ മൃതസംസ്കാ രത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

❑



# ENGAGEMENTS | JANUARY 2026

**Mar Thomas Tharayil**
Metropolitan of Changanacherry

| | | |
|---|---|---|
| 01 | 06:00 am | Holy *Qurbana* @ Cathedral, Changanacherry |
| | 09:15 am | Priestly Ordination: Dn. Thundiyil Sinjo @ Nedumkunnam |
| | 09:00 pm | Public Affairs Commission Co-ordinators Online Meeting |
| 02 | 09:15 am | Priestly Ordination: Dn Madathissery Jibin @ Mayam |
| 03 | 09:30 am | Sacerdotal Silver Jubilee @ Kollam |
| | 02:30 pm | Consecration of Church @ Vezhapra |
| | 05:30 pm | Message: Kuttanad Fest @ KIDS, Kaithavana |
| | 06:30pm | Message: Ecumenical Convention @ Laikkadu |
| 04 | 07:00 am | Nazrani Sangamam @ Thiruvananthapuram |
| | 04:00 pm | Message: Jubilee Conclusion Meeting @ Amboori |
| 05 | 06:00 pm | Season of Denha: Ramsa & Community Empowerment Year Inauguration @ Athirampuzha |
| 06 – 10 | | Syro-Malabar Synod @ Mount St. Thomas, Kakkanad |
| 11 | 07:00 am | Pastoral Visit @ Rajagiri |
| | 03:00 pm | Death Anniversary: Fr. Thomas Felix CMI @ CIMR, Thiruvananthapuram |
| | 06:30 pm | Jubilee Conclusion @ Ayoor |
| 12 | 10:00 am | Convocation @ Vadavathoor Seminary |
| | 04:30 pm | Holy *Qurbana* @ Koothrapally |
| | 07:00 pm | Panchayat Presidents & Municipality Chairmans Get together @ Archbishop House |
| 13 | 07:00 am | Sacraments of Initiation @ Vettimukal |
| | 10:00 am | International Seminar @ S B College |
| | 05:00 pm | Annual Day Celebration @ S H Changanassery |
| 14 | 06:00 am | Holy *Qurbana* @ Kurialacherry Vikas, Changanacherry |
| | 08:30 am | *Curia* |
| | 11:00 - 12:00 | Visitors |
| | 12:15 pm | Golden Jubilee @ CMC, Pavanashramam |

| | | |
|---|---|---|
| | 03:00 pm | House Blessing @ Kottackappuram |
| | 04:00 pm | Marriage @ Ayarkunnam |
| | 05:30 pm | Golden Jubilee: Sr. Maggi CMC @ Punnathura |
| | 07:00 pm | Newly Ordained Religious Priests' Get together @ Archbishop House |
| 15 | 10:00 am | Anniversary & Sent off @ SB HSS Changanassery |
| | 11:30 am | Qurbana @ S B College Changanassery |
| | 02:30 am | Lamp Lighting Ceremony @ Nursing College, Chethipuzha |
| | 05:00 pm | Platinum Jubilee & Parish Day @ Assumption, Kurumpanadam |
| | 07:15 pm | Message: Kallimel Convention @ Mavelikkara |
| 16 | 08:30 am | *Curia* |
| | 11:00 am | Higher Education Council @ SB College |
| | 12:00 pm | Newly Elected Panchayath Leaders' Meeting @ CHASS |
| | 05:00 pm | Holy *Qurbana* & Cemetery Blessing @ Thazhathangady |
| 17 | 06:45 am | Sacraments of Initiation @ Ayakunnam |
| | 10:00 am | Ruby Jubilee Inauguration @ St. Antony's Public School, Anakallu |
| | 12:30 pm | Betrothal @ Cathedral |
| | 03:00 pm | Parents get together @ Minor Seminary, Kurichy |
| 18 | 06:00 am | Pastoral Visit @ Ambalappuzha |
| | 06:30 pm | Jubilee Conclusion @ Karumady |
| 19 | | Engaged |
| | 06:00 pm | Inter Department Meeting |
| 20 | 07:00 am | Holy *Qurbana*: Golden Jubilee @ FMSH, Caritas |
| | 10:30 am | INFAM Silver Jubilee @ Marian College, Kuttikkanam |
| | 03:00 pm | Regional Bishops' Monthly Recollection @ Kuttikkanam |
| 21 | | Engaged |
| 22 | 04:30 pm | Holy *Qurbana*: Platinum Jubilee & Parish Day @ Amboori |
| 23 | 06:15 am | Holy *Qurbana* @ Assisi Bhavan, Changanacherry |
| | 08:30 am | *Curia* |
| | 12.00 pm | Convocation @ CANA |
| 24 | 10.30 am | Final Profession, Golden & Silver Jubilee Celebration @ MLF Kurichy |
| | 02:30 pm | Central PTA Meeting @ SB School |
| | 04:00 pm | Marriage @ Nalukody |
| | 06:30 pm | Message: Maramon Centre Convention @ Pullad |

| | | |
|---|---|---|
| 25 | 06:30 am | Holy *Qurbana* @ Cathedral |
| | 09:30 am | Message: Renewal Programme @ SD Provincial House, Chethipuzha |
| | 11:00 pm | SMYM Action Year 2026 Inauguration @ Pastoral Centre |
| | 07:00 pm | Annual Retreat Message @ St. George, Muttar |
| 26 | 10:00 am | Mission Leauge Archeparchial Council @ Sandesanilayam |
| | 11:00 am | Golden Jubilee: Mar Thomas Elavanal @ Pulincunnu |
| | 02:30 pm | Junior Advocates Forum @ Sandesanilayam |
| | 03:30 pm | SMYM Animators' Meet @ Pastoral Centre |
| | 07:30 pm | Alumni Get- Together @ SB College |
| 27 | 06:00 am | Holy *Qurbana* @ Athirampuzha |
| | 10:00 am-01:00 pm | Presbyteral Council |
| 28 | | Convocation @ *Dharmaram Vidhyakshethram*, Bangalore |
| 29 | 10:00 am | CBCI Climate Change Seminar @ Kochi |
| 30 | 08:30 am | Curia |
| | 11:00 am | Annual General Body: Lourdes College Kuttichal @ Archbishop House |
| | 02:00 pm - 04:00 pm | Visitors |
| | 05:00 pm | Holy *Qurbana* @ Vadakkekara |
| 31 | 09:15 am | Priestly Ordination Dn. Thevercard Thomas @ Kainakary |
| | 12:00 pm | Teachers' Sent off Meeting @ SB HS |
| | 06:00 pm | Forane Priests' Conference @ Amboori |

**FR. SECRETARY- 8078088468**

❑




**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

# ENGAGEMENTS | JANUARY 2026

| | | |
|---|---|---|
| 01 | 06:15 am | Holy *Qurbana*: General Synaxis @ Little Flower Generalate, Changanacherry |
| | 04:30 pm | Betrothal @ St Mary's Church, Ithithanam |
| 02 | 04:30 pm | *Thirunal* Holy *Qurbana* @ St. Mary's Church, Koothrappally |
| 03 | 02:15 pm | Priestly Ordination- Dn. Kurian Neelaparambil @ Little Flower Church, Aryad |
| | 05:00 pm | *Kalkurishu* Blessing @ St. Paul's Church, Vezhapra |
| 04 | 12: 00pm | *Nasrani Sangamam* @ Lourdes Forane Church, Thiruvananthapuram |
| 05 | 07:15 am | Holy *Qurbana* @ Holy Magi Forane Church, Manimala |
| | 11:15 am | Marriage @ St. Mary's Major Archiepiscopal Forane Church, Kudamaloor |
| 06 | 06:15 am | Holy *Qurbana* @ St Thomas Church, Nalukody |
| 06-10 | | Syro Malabar Synod |
| 08 | 09:15 am | Priestly Ordination- Dn. Abraham Medayil VC @ St Joseph Church, Karumady |
| 11 | 10:00 am | Holy *Qurbana* @ Holy Family Church, Thirumala |
| 14 | 04:30 pm | Marriage @ St Sebastian's Church, Ayarkunnam |
| 15 | 05:00 pm | Holy *Qurbana* @ St Sebastian's Church, Narbonapuram |
| 16 | 05:00 pm | *Thirunal Kodiyettu,* Holy *Qurbana* @ Holy Family Church, Podipara |
| 17 | 12:00 am | Betrothal @ Marth Mariam Forane Church, Thuruthy |
| 18 | 06:30 am | Holy *Qurbana* @ St Antony's Church, Muttar |
| 19 | 11: 45 am | Betrothal @ Sacred Heart Church, Chethipuzha |
| 21 | 03:00 pm | Holy *Qurbana* @ St George Knanaya Catholic Forane Church, Edacatt |
| 22 | 03:00 pm | Holy *Qurbana*: Jubilee Celebration @ Providence Home, Gandhinagar |

| | | |
|---|---|---|
| 23 | 05:00 pm | *Thirunal Kodiyettu,* Holy *Qurbana* @ St. Sebastian's Church, Cheriyavelinalloor |
| 24 | 11:00 am | Marriage @ St Joseph's Church, Koovappally |
| | 04:30 pm | *Thirunal* Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| 25 | 06:00 am | *Thirunal* Holy *Qurbana* @ St. Mary's Forane Church, Athirampuzha |
| 26 | 11: 00 am | Sacerdotal Golden Jubilee Celebration of Mar Thomas Elavanal @ St. Mary's Forane Church, Pulincunnoo |
| 29 | 11:00 am | Home Day Celebrations @ Denahalaya, Punnapra |
| 31 | 11:00 am | Marriage @ St Thomas Cathedral, Pala |


**FR. SECRETARY- 9447507393**

❑

**VEDAPRACHARA MADHYASTAN VOL.98 No.07 2026 January**
Date of Publication: 31-12-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month

Rs 25/-

# ദനഹാ തിരുനാളാശംസകൾ



Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org